പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

**(2016-2019)**

**പതിനൊന്നാമത് റിപ്പോർട്ട്**

**(തൊഴിലും നൈപുണ്യവും വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)**

(2018 മാർച്ച് മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

**പതിനൊന്നാമത് റിപ്പോർട്ട്**

(തൊഴിലും നൈപുണ്യവും വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)

464/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 42 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016 -2019)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. അബ്ദുറബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി.കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

തൊഴിലും നൈപുണ്യവും വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 ഫെബ്രുവരി മാസം 27-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 27.

# റിപ്പോർട്ട്

(1) വ്യാവസായികമേഖലയിൽ സമാധാനാന്തരീക്ഷം നിലനിർത്തുക എന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്ക് അനിവാര്യമാണ്. സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി നിക്ഷേപകരെ പ്രോത്സാഹി പ്പിക്കുവാൻ പര്യാപ്തമായ അന്തരീക്ഷം സൃഷ്ടിയ്ക്കുവാനും തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പുവരുത്തുവാനും കഴിയേണ്ടതുണ്ട്. തൊഴിലാളികൾ അവരുടെ അവകാശ ങ്ങളെപ്പറ്റിയും തൊഴിലെടുക്കുന്ന സ്ഥാപനത്തോടും സമൂഹത്തോടുമുള്ള ഉത്തരവാദി ത്വത്തെപ്പറ്റിയും ബോധവാൻമാരാകേണ്ടതാണ്. തൊഴിലുടമ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിയ്ക്കുകയും സുരക്ഷിതത്വബോധം ഉറപ്പാക്കുകയും വേണം.

(2) സംസ്ഥാനത്തെ തൊഴിൽമേഖല നേരിട്ടുകൊണ്ടിരിയ്ക്കുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കുക, പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിക്ഷേപങ്ങൾ ആകർഷിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുക, തൊഴിലാളികൾക്ക് ജോലി സ്ഥിരത, തൊഴിൽ പരിരക്ഷ, മാന്യമായ വേതനം, സാമൂഹിക സുരക്ഷിതത്വം എന്നിവ ഉറപ്പ് വരുത്തുക, പ്രതിസന്ധിയിൽപ്പെട്ടതും അടഞ്ഞു കിടക്കുന്നതുമായ തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളെയും പിരിച്ചുവിടപ്പെട്ടവരെയും പുനഃരധിവസിപ്പിയ്ക്കുക എന്നിവ തൊഴിൽ വകുപ്പിന്റെ ലക്ഷ്യങ്ങളാണ്. പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നതിനും തൊഴിൽ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതവിനിയോഗം വിലയിരുത്തുന്നതിനും കാലാകാലങ്ങളിൽ തൊഴിൽ-വ്യവസായ മേഖലകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് യുക്തമായ മാറ്റങ്ങൾ പ്രവർത്തനങ്ങളിൽ വരുത്തുന്നതിനും തൊഴിൽ മേഖലയിൽ ശാന്തവും സമാധാനപരവുമായ അന്തരീക്ഷം സൃഷ്ടിയ്ക്കുന്നതിനും തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുകയും ക്ഷേമം ഉറപ്പു വരുത്തുകയും അതുവഴി സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും ആവശ്യമായ ശിപാർശകളും നൽകുന്നതിനായി എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ തെളിവെടുപ്പ് യോഗത്തിന്റെയും സന്ദർശനത്തിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഘടന

(3) ലേബർ കമ്മീഷണർ ആണ് വകുപ്പിന്റെ തലവൻ. ലേബർ കമ്മീഷണറേറ്റിൽ 3 അഡീഷണൽ ലേബർ കമ്മീഷണർമാർ പ്രവർത്തിക്കുന്നു. അഡീഷണൽ ലേബർ കമ്മീഷണർ (ഇൻഡസ്ട്രിയൽ റിലേഷൻസ്) വ്യവസായം സംബന്ധിച്ചും അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചും അഡീഷണൽ ലേബർ കമ്മീഷണർ (വെൽഫയർ) ക്ഷേമനിധി ബോർഡുകളുടെ കീഴിലുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുമുള്ള പ്രവർത്തനങ്ങളിൽ ലേബർ കമ്മീഷണറെ സഹായിക്കുന്നു. ജോയിന്റ് ലേബർ കമ്മീഷണർ (പ്ലാനിംഗ്) പദ്ധതി പ്രവർത്തനങ്ങളിലും ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷനിലും ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ഹെഡ്ക്വാർട്ടേഴ്സ്) വ്യവസായം സംബന്ധിച്ച കാര്യങ്ങളിലും ഫിനാൻസ് ഓഫീസർ ധനപരമായ കാര്യങ്ങളിലും ലോ ഓഫീസർ നിയമപരമായ കാര്യങ്ങളിലും ലേബർ കമ്മീഷണറെ സഹായിക്കുന്നു. എൻഫോഴ്സ്മെന്റ് കാര്യങ്ങളിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-നെ സഹായിക്കുന്നതിനും പത്രസ്ഥാപനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ നടപ്പിലാക്കുന്നതിനും അവിടങ്ങളിലുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ അധികാരമുള്ള ഒരു ജില്ലാ ലേബർ ഓഫീസർ ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിച്ചു വരുന്നു. വകുപ്പ് തലത്തിലുള്ള പ്രചരണ പ്രവർത്തനങ്ങൾക്ക് പബ്ലിസിറ്റി ഓഫീസറുടെ നേതൃത്വത്തിൽ പബ്ലിസിറ്റി വിഭാഗവും ലേബർ സ്റ്റാറ്റിസ്റ്റിക്സുകൾ തയ്യാറാക്കുന്നതിന് റിസർച്ച് ഓഫീസറുടെ നേതൃത്വത്തിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗവും പ്രവർത്തിക്കുന്നു.

(4) കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ തലവന്മാരായി മൂന്ന് മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നു. ഇവർ മേഖലാടിസ്ഥാനത്തിൽ തൊഴിൽ തർക്ക പരിഹാര നടപടികളും വകുപ്പുമായി ബന്ധപ്പെട്ട മറ്റു ചുമതലകളും നിർവ്വഹിക്കുകയും തോട്ടം, വ്യവസായം ഒഴികെയുള്ള മേഖലകളിൽ നിയമം നടപ്പിലാക്കുന്നത് ഉൾപ്പെടെയുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തു വരുന്നു. ജോയിന്റ് ലേബർ കമ്മീഷണറുടെ പദവിയിലുള്ള പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ സംസ്ഥാനം മുഴുവനുമുള്ള തോട്ടം മേഖലയിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്നു. പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറെ ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസറുടെ തസ്തികയിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ സഹായിക്കുന്നു.

(5) തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ അർദ്ധ ജുഡീഷ്യൽ അധികാരത്തോട് കൂടി പ്രവത്തിക്കുന്ന ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ 1972-ലെ സബ്സിസ്റ്റൻസ് അലവൻസ്

കൊടുക്കൽ നിയമപ്രകാരമുള്ള ഹർജികൾ കൈകാര്യം ചെയ്യുകയും ഗ്രാറ്റുവിറ്റി നിയമപ്രകാരമുള്ള കൺട്രോളിംഗ് അതോറിറ്റിയുടെ ചുമതലയും ചുമട്ട് തൊഴിലാളി ക്ഷേമനിയമത്തിന്റെ അപ്പലേറ്റ് അതോറിറ്റി ചുമതലയും നിർവ്വഹിക്കുന്നു. ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തിരുവനന്തപുരം സ്റ്റേറ്റ് അഡൈ്വസറി കോൺട്രാക്ട് ലേബർ ബോർഡ് സെക്രട്ടറി കൂടിയായി പ്രവർത്തിയ്ക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യുന്നു. കോമ്പൻസേഷൻ സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് വിധി പ്രസ്താവിക്കുകയും അർഹമായ ആനുകൂല്യം ഉടമകളിൽ നിന്നും വാങ്ങി നൽകുകയും ചെയ്യുക, 1946-ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) ആക്ട് പ്രകാരം സ്റ്റാന്റിംഗ് ഓർഡറുകൾ സർട്ടിഫൈ ചെയ്യുക, 1948- ലെ മിനിമം വേജസ് നിയമപ്രകാരമുള്ള ക്ലെയിം പെറ്റീഷനുകൾ തീർപ്പ് കൽപ്പിച്ച് ആനുകൂല്യം വാങ്ങി നൽകുക എന്നിവയാണ് പ്രധാന ചുമതലകൾ. ഫയൽ ചെയ്യുന്ന അപേക്ഷകളും തീർപ്പാക്കുന്നവയും സംബന്ധിച്ച വിവരങ്ങൾ ഡെപ്യൂട്ടി ലേബർ കമ്മീഷണർ ബഹു. ഹൈക്കോടതിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നു.

**സ്വതന്ത്ര ചുമതലയുള്ള ഡെപ്യൂട്ടി ലേബർ ഓഫീസർമാർ**

(6) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് നടപടികൾ കൈക്കൊള്ളുന്നതിന് വ്യവസായിക/പ്ലാന്റേഷൻ മേഖലകളിൽ 5 സ്വതന്ത്ര ഡെപ്യൂട്ടി ലേബർ ഓഫീസർമാരും സംസ്ഥാന ഗവൺമെന്റ് പ്രസ്സിൽ സമാന തസ്തികയിലുള്ള ഒരു വെൽഫയർ ഓഫീസറും പ്രവർത്തിയ്ക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും തൊഴിൽ വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ ജില്ലാ ലേബർ ഓഫീസുകൾ എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ നിന്നും ഓരോ ജില്ലയിലെയും തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. പത്തനംതിട്ട, ഇടുക്കി, വയനാട് എന്നിവ ഒഴികെയുള്ള ജില്ലകളിൽ ജനറൽ, എൻഫോഴ്സ്മെന്റ് എന്നീ രണ്ട് ജില്ലാ ലേബർ ഓഫീസർമാർ പ്രവർത്തിച്ചു വരുന്നു. മേൽപ്പറഞ്ഞ ജില്ലകളിൽ ഒരാൾ തന്നെ രണ്ട് വിഭാഗം ജോലികളും നിർവഹിക്കുന്നു.

(7) ജില്ലാ ഓഫീസുകളിൽ നിക്ഷിപ്തമായിരിക്കുന്ന പ്രധാന ജോലികൾ

**ജനറൽ**

(I) ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് നടപ്പിലാക്കുക, ചുമട്ടു തൊഴിലാളികളുടെയുൾപ്പെടെയുള്ള തൊഴിൽ തർക്കങ്ങളിൽ അനുരഞ്ജന ചർച്ചകൾ നടത്തി പ്രശ്നപരിഹാരമുണ്ടാക്കുക.

(ii) ചുമട്ടു തൊഴിലാളി നിയമപ്രകാരം അസിസ്റ്റന്റ് ലേബർ ഓഫീസറുടെ റിപ്പോർട്ടിന്മേൽ നടപടി കൈക്കൊള്ളുക.

(iii) പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ തീർപ്പ് കൽപ്പിക്കുക.

(iv) കർഷക തൊഴിലാളി പെൻഷൻ ഫണ്ട്, മരംകയറ്റ തൊഴിലാളി ധനസഹായം എന്നിവയുടെ വിതരണം.

(v) ആം ആദ്മി ബീമാ യോജന, ആർ.എസ്.ബി.വൈ, ഡെയ്‌ലി വേജസ് ഡിസ്ട്രസ് റിലീഫ് ഫണ്ട് എന്നീ പദ്ധതികൾ നടപ്പിലാക്കുക.

(vi) ജില്ലയുടെ ആകെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(vii) ജില്ലാഭരണകൂടവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

(viii) ഉദ്യോഗസ്ഥരുടെ ശമ്പളം, റ്റി.എ., പി.എഫ്., ഭരണപരമായ നടപടികൾ തുടങ്ങിയവ നടപ്പിലാക്കൽ.

(ix) വാഹനത്തിന്റെ കസ്റ്റോഡിയൻ.

**എൻഫോഴ്സ്മെന്റ്**

(8) ബന്ധപ്പെട്ട ജില്ലകളിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ പൂർണ്ണനിയന്ത്രണാധികാരി എൻഫോഴ്സ്മെന്റ് ജില്ലാ ഓഫീസറാണ്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് ആവശ്യമായ ഉപദേശം നൽകുക, അവരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ഏകീകരിക്കുകയും ചെയ്യുക, സ്ക്വാഡ് ഇൻസ്പെക്ഷൻ സംഘടിപ്പിക്കുകയും അസിസ്റ്റന്റ് ലേബർ ഓഫീസുകളിലെ ശമ്പളം, ഇൻക്രിമെന്റ്, പി.എഫ്., റ്റി.എ. ഇവയ്ക്കാധാരമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുക, വകുപ്പദ്ധ്യക്ഷനിൽ നിന്നും ലഭിക്കുന്ന അലോട്ട്മെന്റുകൾ യഥാവിധി വിതരണം ചെയ്യുക, അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് റിട്ടയേർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കുക, സെസ്സ് കളക്ഷനുമായി ബന്ധപ്പെട്ട ജോലികൾ സൂപ്പർവൈസ് ചെയ്യുക, നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്ട് അനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുക തുടങ്ങിയവയാണ് ചുമതലകൾ.

(9) ജില്ലാ ലേബർ ഓഫീസുകളിൽ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ നിയമപ്രകാരം സെസ്സ് ശേഖരിക്കുക എന്ന പ്രധാന ജോലി ഉൾപ്പെടുത്തി ഡെപ്യൂട്ടി ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥരും പ്രവർത്തിച്ചു വരുന്നു.

## അസിസ്റ്റന്റ് ലേബർ ഓഫീസുകൾ

(10) തൊഴിൽ വകുപ്പിന്റെ ഏറ്റവും പ്രാഥമിക തലത്തിലുള്ള ഓഫീസുകളാണ് അസിസ്റ്റന്റ് ലേബർ ഓഫീസുകൾ. ഓരോ അസിസ്റ്റന്റ് ലേബർ ഓഫീസറും തൊഴിൽ നിയമങ്ങളുടെയും അനുബന്ധ ക്ഷേമപദ്ധതികളുടെയും പ്രാഥമികതല ഇൻസ്പെക്ടർമാരാണ്. തൊഴിൽ മേഖലയെ സംബന്ധിച്ച് സർക്കാരിൽ നിന്നും മേലുദ്യോഗസ്ഥരിൽ നിന്നും മറ്റും ലഭിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുക, കേരള ചുമട്ടു തൊഴിലാളി നിയമപ്രകാരമുള്ള തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുക, ചുമട്ടു തൊഴിലാളികളും തൊഴിലുടമകളും തമ്മിലും ചുമട്ട് തൊഴിലാളികൾ അന്യോന്യവും ഉണ്ടാകുന്ന പ്രശ്നങ്ങൾ തീർപ്പാക്കുക, തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ സ്ഥലം സന്ദർശിച്ച് പ്രശ്നപരിഹാരത്തിനു വേണ്ട നടപടികൾ സ്വീകരിക്കുക, ചുമട്ട് തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ഐഡന്റിറ്റി കാർഡ് നൽകുക, പി.എസ്.സി.യ്ക്ക് സമർപ്പിക്കേണ്ട തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകളിൽ മേലൊപ്പ് പതിച്ചുനൽകുക, വർക്ക്മെൻ കോമ്പൻസേഷൻ നിയമപ്രകാരവും തൊഴിൽ തർക്ക നിയമപ്രകാരവും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുക എന്നിവ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ ചുമതലകളിൽപ്പെടുന്നു. ചുമട്ട് തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നതിൽ പെന്റിംഗ് ഉള്ളതായി സമിതി മനസ്സിലാക്കുന്നു. <u>ചുമട്ടു തൊഴിലാളികളുടെ രജിസ്ട്രേഷൻ ആധാർ അധിഷ്ഠിതമാക്കണമെന്നും കാർഡുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

(11) മേൽപ്പറഞ്ഞ ചുമതലകൾക്കൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയസ്വാസ്ഥ്യ ബീമായോജന, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയും വകുപ്പ് സ്വതന്ത്രമായി നടത്തി വരുന്ന ആം ആദ്മി ബീമായോജന പദ്ധതിയും നടപ്പിലാക്കുന്നതും, വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും സർക്കാർ അംഗീകൃത വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതുമായ പദ്ധതികൾ സംബന്ധിച്ച് ഏറ്റവും അടിത്തട്ടിൽ നടപടികൾ കൈക്കൊള്ളേണ്ടതും അസിസ്റ്റന്റ് ലേബർ ഓഫീസർമാരാണ്.

## പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ്

(12) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കോട്ടയം ആസ്ഥാനമായി ജോയിന്റ് ലേബർ കമ്മീഷണർ റാങ്കിലുള്ള ഒരു ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസും അദ്ദേഹത്തിന്റെ കീഴിൽ മഞ്ചേരി, മാനന്തവാടി, കൽപ്പറ്റ, നെന്മാറ, വണ്ടൻമേട്, പീരുമേട്, മൂന്നാർ, ആലുവ, പത്തനംതിട്ട, നെടുമങ്ങാട്, പത്തനാപുരം എന്നിവിടങ്ങളിലായി 11 ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസും പ്രവർത്തിക്കുന്നു.

(13) 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടും ആയതിന്മേലുള്ള കേരളാ നിയമങ്ങളും ബാധകമാകുന്ന പ്ലാന്റേഷൻ സ്ഥാപനങ്ങളുമാണ് ഇവരുടെ അധികാരകേന്ദ്രം. കൂടാതെ തൊഴിലാളികളുടെ ക്ഷേമം നടപ്പിലാക്കുന്ന ഇതര തൊഴിൽ നിയമങ്ങളും പരിശോധിച്ച് നടപ്പിലാക്കി വരുന്നു. തോട്ടം രജിസ്ട്രേഷൻ, റിട്ടേണുകൾ സ്വീകരിക്കുകയും അനുയോജ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക, ക്ഷേമ കാര്യങ്ങൾ തൊഴിലാളികളിലെത്തിക്കുക എന്നിവ പ്രാഥമിക ചുമതലകളിൽപ്പെടുന്നു. പ്ലാന്റേഷൻ മേഖലയിലെ എല്ലാത്തരം സർക്കാർ പദ്ധതികളും നടപ്പിൽ വരുത്തുന്നത് ഈ ഉദ്യോഗസ്ഥരാണ്.

(14) പ്ലാന്റേഷൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജോയിന്റ് ലേബർ കമ്മീഷണർ റാങ്കിലുള്ള ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ ഓഫീസ് കോട്ടയത്ത് മാത്രമാണ് നിലവിലുള്ളതെന്ന് സമിതി നിരീക്ഷിയ്ക്കുന്നു. വടക്കൻ കേരളത്തിലെ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ സേവന-വേതനമടക്കമുള്ള ഉന്നമനത്തിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ ഒരു ഓഫീസ് വടക്കൻ കേരളത്തിൽ സ്ഥാപിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(15) തൊഴിൽ വകുപ്പിന്റെ 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതവിനിയോഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

*I. ലേബർ കമ്മീഷണറേറ്റ്*

### 1. രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ.)

(16) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പങ്കാളിത്തത്തിൽ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി 2008-2009 വർഷത്തിൽ ആരംഭിച്ച് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ.) ഈ പദ്ധതി സംസ്ഥാനങ്ങൾ രൂപീകരിച്ച ചിയാക് (CHIAK) എന്ന ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നു. കേന്ദ്ര-സംസ്ഥാന തൊഴിലാളി വിഹിതം സ്വീകരിക്കുന്നതും അക്കൗണ്ട് സൂക്ഷിക്കുന്നതും ചെലവ് സംബന്ധിച്ച മേൽനോട്ടവും CHIAK ആണ് നടത്തുന്നത്. തൊഴിലാളിയുടെ ഭാര്യ-ഭർത്താവ്, കുട്ടികൾ, ആശ്രിതരായ മാതാപിതാക്കൾ (ബി.പി.എൽ. പട്ടികയിലുണ്ടെങ്കിൽ) ഉൾപ്പെടെ അഞ്ച് അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന് 30,000 (മുപ്പതിനായിരം) രൂപയുടെ വാർഷിക ചികിത്സാ ഇൻഷ്വറൻസ് പരിരക്ഷ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രി മുഖേന ലഭിക്കുന്നു.

ഇതിന്റെ ചെലവ് 3:1 എന്ന അനുപാതത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ആർ.എസ്.ബി.വൈ.യുടെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ടെണ്ടർ നടപടിയിലൂടെയാണ് വാർഷിക ഇൻഷ്വറൻസ് പ്രീമിയം തീരുമാനിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നിർദ്ദേശ പ്രകാരം നിലവിലുള്ള ആർ.എസ്.ബി.വൈ. കുടുംബങ്ങൾക്കു പുറമേ സാമൂഹിക - സാമ്പത്തിക-ജാതി സെൻസസ് ലിസ്റ്റിൽ നിന്നും ഉള്ള കുടുംബങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി , വേണ്ടി വരുന്ന ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 60% തുക കേന്ദ്ര ഗവൺമെന്റും 40% തുക സംസ്ഥാന ഗവൺമെന്റും വഹിക്കുന്നു. 2017-2018 വർഷത്തിൽ 4 ലക്ഷം കുടുംബാംഗങ്ങൾക്കുകൂടി ആരോഗ്യപരിരക്ഷ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2017-2018 വാർഷിക ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 7500.00 (ഏഴായിരത്തി അഞ്ഞൂറ്) ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(17) അനർഹരായിട്ടുള്ളവർ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റുവാനുള്ള സാധ്യതയുണ്ടെന്ന് സമിതി ആശങ്കപ്പെടുന്നു. <u>ആയതിനാൽ അർഹരായിട്ടുള്ളവർക്ക് ആനുകൂല്യം കിട്ടിയിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി ഈ പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിച്ചവരുടെ ഡാറ്റാ ബാങ്ക് (data bank) തയ്യാറാക്കി ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## 2. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്, ചിസ് പ്ലസ്)

(18) സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ (കേന്ദ്ര മാനദണ്ഡം ഒഴികെയുള്ള) ബി.പി.എൽ. തൊഴിലാളികൾക്കും എ.പി.എൽ. തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. 30,000(മുപ്പതിനായിരം) രൂപയുട്ട് ശുശ്രൂഷ ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതി പൂർണ്ണമായും സംസ്ഥാനവിഹിതം സ്വീകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ചിയാക് നിർവ്വഹിക്കുന്നു. ആസൂത്രണ കമ്മീഷന്റെ മുൻകാല മാർഗ്ഗരേഖകളുടെയും നിർദ്ദിഷ്ട സാമൂഹിക-സാമ്പത്തിക-ജാതി സെൻസസിന്റെയും അടിസ്ഥാനത്തിൽ ആർ.എസ്.ബി.വൈ. പദ്ധതിയിൽ അംഗമല്ലാത്ത ദാരിദ്ര്യരേഖയിൽ താഴെയല്ലാത്ത എന്നാൽ തീർത്തും നിർദ്ധനരായ കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലപ്പെടുത്തിയിട്ടുണ്ട്. ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ രണ്ടായി തിരിയ്ക്കുന്നു.

(എ) സംസ്ഥാന സർക്കാർ തയ്യാറാക്കിയ ദാരിദ്ര്യരേഖാ പട്ടികയിൽ ഉൾപ്പെടുന്നവരും ആസൂത്രണകമ്മീഷന്റെ പട്ടികയിൽ ഉൾപ്പെടാത്തവരും.

(ബി) ആസൂത്രണകമ്മീഷന്റെ മാർഗ്ഗരേഖ അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള പട്ടികയിലും സംസ്ഥാന സർക്കാരിന്റെ പട്ടികയിലും ഉൾപ്പെടാത്ത എ. പി. എൽ. കുടുംബങ്ങൾ.

(19) ആദ്യത്തെ വിഭാഗത്തിൽ ആർ.എസ്.ബി.വൈ. ഗുണഭോക്താക്കൾക്ക് ബാധകമായ അതേ തുക ടി ഗുണഭോക്താക്കളും നൽകേണ്ടതാണ്. ശേഷിക്കുന്ന എല്ലാ ചെലവുകളും, സ്മാർട്ട് കാർഡിന്റെ ചെലവ് ഉൾപ്പെടെ സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. രണ്ടാമത്തെ വിഭാഗത്തിലുള്ള കുടുംബങ്ങൾ സ്മാർട്ട് കാർഡിന്റെ ചെലവുൾപ്പെടെ പ്രീമിയം തുക മൊത്തം ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്.

(20) കൂടാതെ ഹൃദയം, കിഡ്നി, കാൻസർ എന്നിവ സംബന്ധിച്ച രോഗമുള്ളവർക്ക് 70,000 (എഴുപതിനായിരം) രൂപയുടെ വാർഷിക ഇൻഷ്വറൻസ് പരിരക്ഷ ചിസ് പ്ലസ് പദ്ധതിയിലൂടെ ലഭിക്കുന്നു. 2017-2018 വർഷത്തിൽ 3.47 ലക്ഷം കുടുംബങ്ങൾ കൂടി ചിസ് പദ്ധതിയിൽ ഉൾപ്പെട്ടുമെന്ന് കണക്കാക്കപ്പെടുന്നു.

(21) ആർ. എസ്. ബി. വൈ., ചിസ്, ചിസ് പ്ലസ് പദ്ധതികളിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റിൽ സർക്കാർ ആശുപത്രികൾ പൂർണ്ണമായും ഉൾപ്പെടുന്നുണ്ടെങ്കിലും സ്വകാര്യ ആശുപത്രികൾ വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ നിലവിലുള്ള സ്വകാര്യ ആശുപത്രികളെ നിലനിർത്തിക്കൊണ്ട് കൂടുതൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുക, സ്വകാര്യ ആശുപത്രികൾ പിൻവാങ്ങുന്നത് ഒഴിവാക്കുക, ആശുപത്രികളിൽ സ്മാർട്ട് കാർഡ് ഉപയോഗിച്ച് ചികിത്സ ലഭിക്കുന്നതിന് കൂടുതൽ സൗകര്യാർത്ഥം ആശുപത്രി ജീവനക്കാരെ അധികമായി നിയോഗിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(22) ആർ. എസ്. ബി. വൈ., ചിസ് പദ്ധതികളുടെ ഭാഗമായി ഒരു കുടുംബത്തിന് ലഭിക്കുന്ന വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 30000 (മുപ്പതിനായിരം) രൂപയും ചിസ്പ്ലസ് പദ്ധതിയുടേത് 70,000 (എഴുപതിനായിരം) രൂപയുമാണ്. മരുന്നുകളുടെ വിലയും മറ്റു ചികിത്സാ ചെലവുകളും ക്രമാതീതമായി കുതിച്ചുയരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ തുക തുലോം കുറവാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ആർ.എസ്.ബി.വൈ., ചിസ് പദ്ധതികളുടെ വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 50,000 (അൻപതിനായിരം) രൂപയായും ചിസ് പ്ലസ് പദ്ധതിയുടെ വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 1,00,000 (ഒരു ലക്ഷം) രൂപയായും ഗുണഭോക്താക്കളെ പ്രീമിയം തുകയുടെ വർദ്ധനവ് ബാധിക്കാത്ത തരത്തിൽ ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

### 3. ആം ആദ്മി ബീമാ യോജന

(23) രാജ്യത്ത് ആകമാനം 48 വിഭാഗങ്ങളിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന കേന്ദ്രഗവൺമെന്റിന്റെ ഇൻഷ്വറൻസ് പദ്ധതിയാണ് ആം ആദ്മി ബീമാ യോജന (എ.എ.ബി.വൈ.) ഈ പദ്ധതി പ്രകാരം ഗ്രാമീണ ഭൂരഹിത കുടുംബങ്ങളിലെ കുടുംബനാഥനെയോ അല്ലെങ്കിൽ വരുമാനം ആർജ്ജിക്കുന്ന ഒരു വ്യക്തിയെയോ ഇൻഷ്വർ ചെയ്യുന്നു. ഈ പദ്ധതി പ്രകാരം സ്വാഭാവിക മരണത്തിന് 30000 (മുപ്പതിനായിരം) രൂപയും അപകടമരണത്തിന് 75,000 (എഴുപത്തയ്യായിരം) രൂപയും അപകടം മൂലമുള്ള സ്ഥിരമായ അംഗവൈകല്യത്തിന് 75,000 (എഴുപത്തയ്യായിരം) രൂപയും അപകടം മൂലമുള്ള അംഗവൈകല്യത്തിന് (ഒരു കൈ/കാൽ/കണ്ണ്) 37,500 (മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപയും ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് 100 (നൂറ്) രൂപ വീതം പ്രതിമാസം സ്കോളർഷിപ്പും ലഭിക്കുന്നു. ലേബർ കമ്മീഷണർ മുഖേന നടപ്പിലാക്കി വന്നിരുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ഇപ്പോൾ നിർവ്വഹിക്കുന്നത് 'ചിയാക്' ആണ്. പദ്ധതിയുടെ പ്രീമിയം തുകയായ 200 (ഇരുന്നൂറ്) രൂപയുടെ 50% കേന്ദ്രസർക്കാർ പദ്ധതിക്കായി രൂപീകരിച്ച ഫണ്ടിൽ നിന്ന് സബ്സിഡിയായും ശേഷിക്കുന്ന 50% സംസ്ഥാന സർക്കാരും നൽകുന്നു.

(24) നിലവിൽ പദ്ധതിയുടെ ഗുണഭോക്താക്കളായ 13 ലക്ഷം കുടുംബങ്ങളുടെ അംഗത്വം പുതുക്കുന്നതിന് 500.00 (അഞ്ഞൂറ്) ലക്ഷം രൂപയും അധികമായി അഞ്ച് ലക്ഷം കുടുംബങ്ങളെക്കൂടി പദ്ധതിയുടെ ഭാഗമാക്കുന്നതിനായി 500.00 (അഞ്ഞൂറ്) ലക്ഷം രൂപയും നടപ്പുവർഷം ആവശ്യമായി വരുന്നു. പദ്ധതിയുടെ നടത്തിപ്പിനുള്ള 50% സംസ്ഥാനവിഹിതമായ 500.00 (അഞ്ഞൂറ്) ലക്ഷം രൂപ 2017-2018 വാർഷിക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ പദ്ധതിയിലൂടെ 2016-2017 സാമ്പത്തികവർഷം 9,68,337 (ഒൻപത് ലക്ഷത്തി അറുപത്തി എട്ടായിരത്തി മുന്നൂറ്റി മുപ്പത്തിയേഴ്) ഗുണഭോക്താക്കൾക്കായി 2,11,65,158 (രണ്ട് കോടി പതിനൊന്ന് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഒരുന്നൂറ്റി അൻപത്തിയെട്ട്) രൂപയും പ്രകൃതിക്ഷോഭംമൂലം മരണമടഞ്ഞ 584 (അഞ്ഞൂറ്റി എൺപത്തിനാല്) പേർക്ക് 1,75,20,000 (ഒരു കോടി എഴുപത്തഞ്ച് ലക്ഷത്തി ഇരുപതിനായിരം) രൂപയും ആകസ്മിക അപകടമരണം സംഭവിച്ച 66 പേർക്ക് 49,50,000 (നാൽപ്പത്തി ഒൻപത് ലക്ഷത്തി അൻപതിനായിരം) രൂപയും സ്കോളർഷിപ്പ് ഇനത്തിൽ 70301 (എഴുപതിനായിരത്തി മുന്നൂറ്റി ഒന്ന്) പേർക്ക് 8,43,61,200 (എട്ട് കോടി നാൽപ്പത്തി മൂന്ന് ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഇരുന്നൂറ്) രൂപയും വിതരണം ചെയ്തു.

(25) <u>ആം ആദ്മി ബീമാ യോജനയുടെ ഭാഗമായി ലഭിക്കുന്ന ആനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധന വരുത്തണമെന്നും കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിൽ പ്രചരണം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

(26) അർഹരായ ആളുകളെ കണ്ടെത്തുന്നതിനായി ഓരോ പഞ്ചായത്തിന്റെ കീഴിലും ഒരു പ്രത്യേക സ്ക്വാഡും അതിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി പഞ്ചായത്തിന്റെ മേൽനോട്ട സമിതിയും രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 4. എസ്റ്റേറ്റ് തൊഴിലാളികളുടെ ആശ്വാസ പദ്ധതി

(27) അപകടങ്ങളിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശിക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 25,000 (ഇരുപത്തയ്യായിരം) രൂപ നൽകുന്ന പദ്ധതിയാണിത്. 2017-2018 വർഷത്തിൽ 20.00 (ഇരുപത്) ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു. എസ്റ്റേറ്റ് വർക്കേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്, പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി പദ്ധതി എന്നിവ പ്രകാരം കഴിഞ്ഞ 3 സാമ്പത്തികവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സാമ്പത്തിക വർഷം | അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2014-2015 | 71 | 17,75,000 |
| 2 | 2015-2016 | 59 | 14,75,000 |
| 3 | 2016-2017 | 40 | 10,00,000 |

പ്രസ്തുത പദ്ധതികൾ പ്രകാരം കഴിഞ്ഞ 3 സാമ്പത്തികവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് വരുന്നതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് ലഭ്യമാകുന്ന തരത്തിൽ പ്രചരണം നൽകണമെന്നും അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 5. തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കലും നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും

(28) സംസ്ഥാനത്തെ പ്രമുഖ തൊഴിൽ മേഖലകളിലൊന്നാണ് തോട്ടങ്ങൾ. സവിശേഷ വേതന വ്യവസ്ഥയും പശ്ചാത്തല സൗകര്യങ്ങളുടെ അഭാവവും തോട്ടം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വളരെ അകറ്റി നിർത്തുന്നു. ഇത്തരം തൊഴിലാളികൾക്കുള്ള താമസസൗകര്യം ഒരുക്കുന്നതിനായി 2017-2018 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 1000.00 (ആയിരം) ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്നും അസംഘടിത നഗര തൊഴിലാളികൾക്കുള്ള

പാർപ്പിടം പദ്ധതിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 6. ആധുനികവൽക്കരണവും ഇ-പേയ്മെന്റ് സംവിധാനവും

(29) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതന വ്യവസ്ഥ നിശ്ചയിച്ച് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ഷെഡ്യൂൾഡ് മേഖലകളിൽ മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കുന്ന സംവിധാനമാണ് ഇ-പേയ്മെന്റ് സമ്പ്രദായം. ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ വകുപ്പ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ വിവിധ തലങ്ങളിൽ ലഭിയ്ക്കുന്ന വ്യത്യസ്തവും പൊതുസ്വഭാവമുള്ളതുമായ ആവലാതികൾ കൃത്യതയോടെ പരിഹരിയ്ക്കുന്നതിനും വകുപ്പിന്റെ പ്രവത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനും ഇ-ഗവേണൻസ് സഹായിക്കുന്നു.

(30) 2016-2017 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ "2230-01-103-89" (പ്ലാൻ) ശീർഷകത്തിൽ ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവത്കരണവും ഇ-പേയ്മെന്റ് വേജസ് പദ്ധതിയ്ക്കായി 100 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. ആയതിൽ ആധുനികവത്കരണത്തിന് 86,00,000 (എൺപത്തിയാറ് ലക്ഷം) രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ആധുനികവത്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ 2017 മാർച്ച് 28-ാം തീയതി സർക്കാർ അനുമതി നൽകിയെങ്കിലും സമയദൗർലഭ്യംമൂലം ഫോട്ടോകോപ്പിയർ മാത്രമാണ് വാങ്ങാൻ കഴിഞ്ഞത്. അവശേഷിച്ച തുക സറണ്ടർ ചെയ്യേണ്ടി വന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ലഭ്യമായ ടെണ്ടറുകൾ ഡി.പി.സി.യുടെ പരിഗണനയ്ക്കായി സമർപ്പിച്ചത് എപ്പോഴാണ് എന്നതിനെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഡി.പി.സി. നിശ്ചിതമായ ഇടവേളകളിൽ കൃത്യമായി കൂടി ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(31) 2016-2017 സാമ്പത്തികവർഷം ഇ-പേയ്മെന്റ് ഓഫ് വേജസ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച 4,40,516 (നാല് ലക്ഷത്തി നാൽപ്പതിനായിരത്തിഅഞ്ഞൂറ്റി പതിനാറ്) രൂപയിൽ 3 ലക്ഷം രൂപ ഇ-പേയ്മെന്റുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾക്കായി നീക്കി വച്ചിട്ടുണ്ടായിരുന്നു. എല്ലാ ജില്ലകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയാതെ വന്നതിനാൽ പ്രസ്തുത തുകയിൽ 37,214 (മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി പതിനാല്) രൂപ മാത്രമേ ചെലവഴിയ്ക്കാൻ സാധിച്ചുള്ളൂ. ഇ-പേയ്മെന്റ് ബോധവത്കരണ പരിപാടികൾക്കായി നീക്കി വച്ചിരുന്ന ഫണ്ട് ലാപ്സാകാതിരിക്കാനുള്ള ശ്രദ്ധ വകുപ്പിന്റെ ഭാഗത്ത്

നിന്നുണ്ടാകേണ്ടതായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ഇ-പേയ്മെന്റ് ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്നും അനുവദിയ്ക്കപ്പെടുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 7. അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി

(32) കേരള ആർട്ടിസാൻസ് ക്ഷേമനിധി സ്കീം-2011, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി സ്കീം-2011, കേരള പാചകത്തൊഴിലാളി ക്ഷേമനിധി സ്കീം-2011, കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമനിധി സ്കീം-2004, കേരള അലക്ക് തൊഴിലാളി ക്ഷേമനിധി സ്കീം-2004, കേരള ക്ഷേത്ര തൊഴിലാളി ക്ഷേമനിധി സ്കീം-2011 എന്നീ പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് 2015-ലാണ് കേരള അസംഘടിത സാമൂഹ്യസുരക്ഷാ പദ്ധതി നിലവിൽ വന്നത്. 5 ലക്ഷത്തോളം തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 8. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യസംരക്ഷണം

(33) 2007-2008 സാമ്പത്തിക വർഷത്തിൽ നിലവിൽവരുകയും മറ്റ് ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസവേതന തൊഴിലാളികൾ എന്ന നിർവചനത്തിൽ ഉൾപ്പെടുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ 2000 (രണ്ടായിരം) രൂപ ധനസഹായം നൽകുന്ന അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, മരംകയറ്റ തൊഴിലാളി ക്ഷേമനിധി സ്കീം വഴി ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിയ്ക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്ന 1-1-2012-ൽ നിലവിൽ വന്ന കേരള മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി, വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിതമേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനായി 2011-2012-ൽ നടപ്പിലാക്കിയ പ്രസവാനുകൂല്യ പദ്ധതി (ക്ഷേമനിധി ബോർഡുകളിൽ നിന്ന് പ്രസവാനുകൂല്യമായി വിതരണം ചെയ്യുന്ന തുക ബോർഡുകളുടെ അപേക്ഷപ്രകാരം സർക്കാർ തിരിച്ചു നൽകുന്നു) എന്നിവയാണ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി നിലവിലുണ്ടായിരുന്ന 3 കർമ്മ പദ്ധതികൾ. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി 2017-2018 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഈ 3 പദ്ധതികളും ഏകീകരിച്ച് അസംഘടിതമേഖല തൊഴിലാളി സംരക്ഷണം എന്ന ഒറ്റ പദ്ധതിയായി മാറ്റിയിട്ടുണ്ട്.

(34) 2016-2017 സാമ്പത്തികവർഷം അസംഘടിത മേഖലയിലെ ദിവസ

വേതനക്കാരായ തൊഴിലാളികൾക്ക് ആശ്വാസപദ്ധതി നടപ്പിലാക്കുന്നതിന് 15 ലക്ഷം രൂപ നീക്കിവച്ചിരുന്നു. പ്രസ്തുത പദ്ധതി ജില്ലാ ലേബർ ഓഫീസർമാർ മുഖേനയാണ് നടപ്പിലാക്കുന്നത്. എന്നാൽ ചില ജില്ലാ ഓഫീസുകളിൽ ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ കുറവായിരുന്നതിനാൽ 13 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. പ്രസ്തുത പദ്ധതി പ്രകാരമുള്ള വിഹിത വിനിയോഗ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2014-2015 | 15,00,000 | 15,00,000 |
| 2 | 2015-2016 | 15,00,000 | 8,78,000 |
| 3 | 2016-2017 | 15,00,000 | 13,00,000 |

(35) 2016-2017 സാമ്പത്തികവർഷം അസംഘടിത മേഖലയിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള മതിയായ അപേക്ഷകൾ ലഭിക്കാതിരുന്ന ജില്ലകൾ ഏതൊക്കെ എന്നതിനെ സംബന്ധിച്ചും പ്രസ്തുത പദ്ധതിയെ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. അൺഓർഗനൈസ്ഡ് വർക്കേഴ്സ് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് പദ്ധതിക്കായി അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യസംരക്ഷണ പദ്ധതിയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കൂടുതൽ പ്രചരണം നൽകണമെന്നും അനുവദിക്കപ്പെടുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 9. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം

(36) പരമ്പരാഗത തൊഴിൽ മേഖലയായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കശുവണ്ടി, കയർ, മാറ്റ്സ് ആൻറ് മാറ്റിങ്സ്, കരകൗശല നിർമ്മാണം തുടങ്ങിയ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1,250 (ആയിരത്തി ഇരുന്നൂറ്റൻപത്) രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

## 10. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ സഹവർത്തികൾക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ

(37) തൊഴിൽ വകുപ്പിന്റെ അന്വേഷണകേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന പരാതി പരിഹാര സേവനം, വകുപ്പ് നടത്തിവരുന്ന വിപുലമായ പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സിനിമാശാലകൾ വഴിയുള്ള പരസ്യം നൽകൽ, ഡോക്യുമെന്ററി നിർമ്മാണം, സെമിനാർ, എഫ്.എം. റേഡിയോ വഴിയുള്ള പരസ്യ പ്രക്ഷേപണം, റെയിൽവെ, ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള വീഡിയോ പ്രദർശനം എന്നിവ നടത്തി വരുന്നു. ലേബർ കമ്മീഷണർക്ക് പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിന് ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക 10000 (പതിനായിരം) രൂപയിൽ നിന്ന് വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(38) സംസ്ഥാനത്തെ വ്യാപാര വ്യവസായ വാണിജ്യസ്ഥാപനങ്ങളെയും ഫാക്ടറികളെയും അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിനും ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പദ്ധതിയ്ക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. മികച്ച തൊഴിൽദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യവികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീസൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ

പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## 11. കർഷകത്തൊഴിലാളി ക്ഷേമപെൻഷൻ പദ്ധതി

(39) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരും 60 വയസ്സ് പൂർത്തിയായവരുമായ കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 1,100 (ആയിരത്തിഒരുന്നൂറ് )രൂപ

പെൻഷൻ നൽകുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിൽ ഏകദേശം 38 കോടി രൂപയിലധികം തുക കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും അടിയന്തരമായും പൂർണ്ണമായും വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 12. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള ബോധവൽക്കരണ പരിപാടികൾ

(40) സംസ്ഥാനത്തേയ്ക്ക് രാജ്യത്തെ ഇതരസംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികൾ വരുന്നത് തൊഴിൽമേഖലയിലെ പുതിയ പ്രവണതയാണ്. അടിസ്ഥാന ആരോഗ്യ സംരക്ഷണമാർഗ്ഗങ്ങൾ ഒന്നും തന്നെയില്ലാതെ വൃത്തിഹീനമായ തൊഴിൽ സാഹചര്യങ്ങളിൽ ജോലി സ്ഥലത്തിനടുത്തുതന്നെ ഇത്തരം തൊഴിലാളികൾ താമസിക്കുന്നതിന് നിർബന്ധിതരാകുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ്, സമ്പർക്ക ക്ലാസ്സുകൾ, പരസ്യ പ്രചരണങ്ങൾ, ഹ്രസ്വചിത്രങ്ങളുടെ പ്രദർശനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണ പരിപാടി ഈ പദ്ധതിയുടെ ഭാഗമാണ്.

## 13. മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം

(41) ആയിരക്കണക്കിന് തൊഴിലാളികൾ അധിവസിക്കുന്ന തോട്ടം മേഖലയിലെ കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ. ഡി. എച്ച്. പി.)-ൽ നിലവിൽ ലേബർ ഓഫീസ്, പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് എന്നിവ ടാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. വകുപ്പിന്റെ കൈവശം ദേവികുളം താലൂക്കിലെ കെ. ഡി. എച്ച്. പി. വില്ലേജിൽ ഉള്ള ഭൂമിയിൽ ലേബർ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 223 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തുവെങ്കിലും പ്രവൃത്തി ഏറ്റെടുത്ത അംഗീകൃത ഏജൻസിയായ ബി.എസ്.എൻ.എൽ.ന് എസ്റ്റിമേറ്റ് തുകയുടെ 20% ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ പ്രസ്തുത തുക പൂർണ്ണമായും സറണ്ടർ ചെയ്യേണ്ടി വന്നതായി സമിതി മനസ്സിലാക്കുന്നു. ഡെപ്പോസിറ്റ് തുക ബി. എസ്. എൻ. എൽ.-ന് നൽകാൻ സർക്കാർ അനുമതി ലഭിക്കാതെ വന്ന സാഹചര്യത്തെ സംബന്ധിച്ചും പദ്ധതി തുക പൂർണ്ണമായും സറണ്ടർ ചെയ്യേണ്ടി വന്നതിനെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**14. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കും സംസ്ഥാനത്തെ തൊഴിലാളികൾക്കും നല്ല താമസസൗകര്യം പ്രദാനം ചെയ്യൽ (ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി)**

(42) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് തൊഴിലിനായി എത്തുന്ന തൊഴിലാളികളിൽ അധികം പേർക്കും കരാറുകാരനോ തൊഴിൽ ദാതാവോ താമസ സൗകര്യം ഒരുക്കി നൽകാറില്ല. വൃത്തിഹീനമായ ലയങ്ങളിലോ ഷെഡ്ഡുകളിലോ താമസിക്കുവാൻ നിർബന്ധിതരാകുന്നത് ഈ തൊഴിലാളികളെ പകർച്ച വ്യാധികളിലേക്കും മറ്റ് സാമൂഹിക പ്രശ്നങ്ങളിലേക്കും നയിക്കുന്നു. ഈ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി, തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി ചെലവ് കുറഞ്ഞ താമസ സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി യാണിത്. പദ്ധതിക്കായി 2017-2018 ബഡ്ജറ്റിൽ 250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## II. വ്യവസായ പരിശീലന വകുപ്പ്

(43) ഭാരതത്തിലെ വ്യവസായ മേഖലകളിൽ വിദഗ്ധരായ തൊഴിലാളികളെ ആവശ്യാനുസരണം സംഭാവന ചെയ്യുക, വിദഗ്ധ തൊഴിലാളികളുടെ പ്രവർത്തനത്തിലൂടെ വ്യവസായ ഉൽപ്പന്നങ്ങളുടെ അളവും ഗുണമേൻമയും വർദ്ധിപ്പിയ്ക്കുക, തൊഴിൽ സാദ്ധ്യതയുള്ള മേഖലകളിലെ പരിശീലനത്തിലൂടെ വിദ്യാസമ്പന്നരായ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിയ്ക്കുക, യുവാക്കളിൽ അദ്ധ്വാനശീലം വളർത്തുക തുടങ്ങിയ സമഗ്ര വികസന ലക്ഷ്യങ്ങളോടെ 1950-ൽ ഭാരതസർക്കാർ ആവിഷ്ക്കരിച്ചതാണ് ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി.

(44) വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം |
|---|---|---|
| i | ജനറൽ ഐ.ടി.ഐ. | 69 |
| ii | വനിതാ ഐ.ടി.ഐ. | 14 |
| iii | അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (എ.വി.ടി. എസ്.) | 2 |
| iv | റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്റർ (ആർ.ഐ.സെന്റർ) | 9 |
| v | സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്, കേരള | 1 |
| vi | റീജിയണൽ ഡയറക്ടറേറ്റ് (മേഖലാ കേന്ദ്രം) | I |
| vii | ട്രെയിനിംഗ് ഡയറക്ടറേറ്റ് | 1 |

*(i) വ്യവസായ പരിശീലന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ*

## 1. ഐ.ടി.ഐ.കളുടെ നവീകരണം

(45) സംസ്ഥാനത്തെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി.)യുമായി അഫിലിയേറ്റ്/റീ അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, വർക്ക്ഷോപ്പ്/കെട്ടിടങ്ങളുടെ പുനരുദ്ധാരണം, ഐ.ടി.ഐ.-കളുടെ വൈദ്യുതീകരണവും റീ വയറിംഗും, ഐ.ടി. ലാബുകൾ സ്ഥാപിക്കൽ, കെട്ടിടങ്ങൾ/പഠന മുറികളുടെ നിർമ്മാണം, ഐ.ടി.ഐ.-കൾക്ക് ഐ.എസ്സ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കൽ, നിലവിലുള്ള ഐ.ടി.ഐ.-കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുന്നതിനും അതോടൊപ്പം ഒറ്റ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ എൻ.സി.വി.ടി. അഫിലിയേഷൻ ലഭിക്കുന്നതിന് ഇരട്ടയൂണിറ്റുകൾ തുടങ്ങുക, ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതിയുടെ പാഠ്യപദ്ധതി പരിഷ്കരണം, ഐ.ടി.ഐ.-ട്രെയിനികളുടെ നിലവിലുള്ള ഹോസ്റ്റലുകൾ നവീകരിച്ച് മാതൃകാ ഹോസ്റ്റലുകളായി ഉയർത്തൽ, ഭരണസിരാകേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഐ.ടി.ഐ.-കളുടെ ചുറ്റുമതിൽ നിർമ്മാണം, കൈവഴികൾ, ചെറു റോഡുകൾ നവീകരിക്കൽ, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ, മഴവെള്ള സംഭരണികളുടെ നിർമ്മാണം, ഐ.ടി.ഐ-കളിൽ സൗരോർജ്ജം, കാറ്റ് തുടങ്ങി മിശ്രജ ഊർജ്ജ സംവിധാനം നടപ്പിലാക്കുക, അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, ഐ.ടി.ഐ.-കളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മരാമത്ത് പണികളുടെ പൂർത്തീകരണം എന്നിവയാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്.

46) കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരമാണ് ഐ.ടി.ഐ. കളിലെ സിലബസും കരിക്കുലവും നടപ്പിലാക്കുന്നത്. സിലബസിൽ ഓരോ വർഷവും കേന്ദ്രസർക്കാർ തീരുമാനപ്രകാരം പരിഷ്കാരങ്ങൾ വരുത്താറുള്ളതായി സമിതി മനസ്സിലാക്കുന്നു. <u>ജോലി സാധ്യത കൂടുതലുള്ള കോഴ്സുകൾ ഐ.ടി.ഐ./ഐ.ടി.സി. സിലബസിൽ ഉൾപ്പെടുത്തുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും അന്താരാഷ്ട്രതലത്തിൽ ജോലി സാധ്യതയുള്ള തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനായി സമഗ്രപഠനം നടത്തണമെന്നും പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## 2. ഉദ്യോഗസ്ഥ പരിശീലന പശ്ചാത്തല സംവിധാനം വികസിപ്പിക്കൽ

(47) സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് എന്ന സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക

വിദ്യയിലും ഡി.ജി.റ്റി. (ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്) കാലാനുസൃതമായി പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിന്മേലും പരിശീലനം നൽകുക എന്നതാണ്. വകുപ്പിലെ ജീവനക്കാർക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയ ശേഷിയും നൈപുണ്യ വികസന പരിശീലനവും നൽകുക, ഉപകരണ സംഭരണം നടത്തുക, ഗ്രന്ഥശാലയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ, അനുബന്ധ സാമഗ്രികൾ സമാഹരിക്കുക, സോഫ്റ്റ്‌വെയറുകൾ വാങ്ങുക, ഉത്കൃഷ്ട സേവനം നൽകുന്ന മികച്ച പരിശീലകർക്ക് വകുപ്പുതല അവാർഡ് നൽകുക, പുസ്തക പ്രസിദ്ധീകരണം നടത്തുക, സംസ്ഥാന-ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്.

## 3. സ്റ്റാഫ് ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ചർ

(48) സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് തിരുവനന്തപുരം ടെക്നോപാർക്കിന് സമീപം സ്ഥിതി ചെയ്യുന്ന സ്ഥാപനമായതിനാൽ ട്രെയിനിംഗിന് വരുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യം ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായും താമസസൗകര്യം ചെലവേറിയതാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 4. ആസൂത്രണ നിരീക്ഷണ വിഭാഗം - നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

(49) സംസ്ഥാന ഡയറക്ടറേറ്റിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറുകളുടെ സജ്ജീകരണവും മാറ്റി സ്ഥാപിക്കലും, സോഫ്റ്റ്‌വെയർ, ആന്റിവൈറസ്, മേശ, കസേര, അലമാര, സ്റ്റോറേജ് കബോർഡുകൾ, മറ്റനുബന്ധ സാമഗ്രികൾ സംഘടിപ്പിക്കൽ, സ്റ്റേറ്റ് ഡയറക്ടറേറ്റിന് ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കറ്റ് നേടിയെടുക്കുന്നതിനാവശ്യമായ അടിയന്തര ഇനങ്ങൾ സജ്ജീകരിക്കൽ, ലോക്കൽ ഏരിയ നെറ്റ്‌വർക്ക്, സെർവർ മാനേജ്മെന്റ്, ഫയർവാൾ ഹാർഡ്‌വെയറുകൾ എന്നിവ സ്ഥാപിക്കുക, ബയോമെട്രിക് ഹാജർ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കുക എന്നീ നടപടികളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്.

## 5. സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം

(50) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്ന നോൺ പ്രോഫിറ്റ് കമ്പനിയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) അക്കാഡമിയുടെ ഒന്നാം ഘട്ട

നിർമ്മാണത്തിന്റെ പൂർത്തീകരണം, നഴ്സിംഗ് & സെക്യൂരിറ്റി അക്കാഡമി, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ രണ്ടാം ഘട്ട നിർമ്മാണം, നൈപുണ്യ വികസനത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കൽ, കൗശൽ കേന്ദ്ര, i-STEP സംരംഭങ്ങൾ, ബാങ്കിംഗ് ധനകാര്യ മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി എന്നീ സേവന മേഖലകളിലും അനുബന്ധ മേഖലകളിലും നൈപുണ്യ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു.

## 6. വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങൾ

(51) വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങളുടെ ഭാഗമായി 3D സമ്പർക്ക പഠന സഹായികളുടെ വികാസവും നവീകരണവും, ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സമ്പ്രദായം/ഇ-ഓഫീസ് സമ്പ്രദായം ഐ.ടി.ഐ.-കളിലും മറ്റ് കീഴ് സ്ഥാപനങ്ങളിലും ഏർപ്പെടുത്തുക, ഇതിനുള്ള സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയറുകൾ സംഭരിക്കുക, സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സെർവർ സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കുക, CERT-In സർട്ടിഫിക്കേഷൻ ചാർജ്ജുകൾ, ഐ.ടി. സെല്ലിനാവശ്യമായ പശ്ചാത്തല സൗകര്യം സൃഷ്ടിക്കുക എന്നിവയാണ് പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്.

## 7. വ്യവസായ തൊഴിലാളികൾക്കായുള്ള അത്യന്താധുനിക തൊഴിലധിഷ്ഠിത പരിശീലന സമ്പ്രദായം

(52) വ്യാവസായിക തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യ, യന്ത്ര സംവിധാനങ്ങൾ എന്നിവയിൽ വൈദഗ്ധ്യം ആർജ്ജിക്കുന്നതിനായി കളമശ്ശേരി, ചാക്ക എന്നിവിടങ്ങളിൽ അത്യന്താധുനിക തൊഴിലധിഷ്ഠിത പരിശീലന സമ്പ്രദായം (എ. വി. ടി. എസ്.) ആരംഭിച്ചിരുന്നു. ഈ സ്ഥാപനങ്ങളിലേയ്ക്ക് യന്ത്ര സാമഗ്രികളുടെ സംഭരണം, കമ്പ്യൂട്ടറുകൾ, യു.പി.എസ്./സോഫ്റ്റ്‌വെയർ, ഓഫീസ് ഉപകരണങ്ങൾ എന്നിവയുടെ സംഭരണം, നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം എന്നിവയാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്.

## 8. ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ ഐ.ടി.ഐ.-കളുടെ ശാക്തീകരണം

(53) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്തിരപുരം, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ എന്നിവിടങ്ങളിൽ ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തുടർപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരിശീലന ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ എന്നിവ വാങ്ങുന്നതിനുമുള്ള നടപടികൾ ഈ പദ്ധതി വഴി നടപ്പിലാക്കുന്നു.

## 9. വനിതാ ഐ.ടി.ഐ.-കളുടെ പദവി ഉയർത്തൽ

(54) ചെങ്ങന്നൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കണ്ണൂർ എന്നിവിടങ്ങളിലെ അഞ്ച് ഗ്രേഡ് -2 വനിതാ ഐ.ടി.ഐ.-കളുടെ പദവി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനും ഉപകരണ സംഭരണങ്ങൾക്കുമുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു.

## 10. ഐ.ടി.ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

(55) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ പരിശീലനം നേടുന്ന ഭൂരിഭാഗം കുട്ടികളും വിദൂര സ്ഥലങ്ങളിൽ നിന്ന് വരുന്നവരും വളരെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ളവരുമാണ്. ഇവരിലെ പോഷകാഹാരക്കുറവ് കാരണം പ്രാക്ടിക്കൽ പരിശീലനത്തിനിടയിൽ വളരെ പെട്ടെന്ന് ക്ഷീണിതരായി പോകാറുണ്ട്. ഇതിന് പരിഹാരമായി ആഴ്ചയിൽ മൂന്നു ദിവസം ഒരു ഗ്ലാസ് തിളപ്പിച്ച പാലും ഒരു പുഴുങ്ങിയ മുട്ടയും ട്രെയിനികൾക്ക് നൽകുന്ന പദ്ധതി 2013-2014 വർഷം മുതൽ ആരംഭിക്കുകയും നിലവിൽ ഒരു ഗ്ലാസ് തിളപ്പിച്ച പാലും ഒരു പുഴുങ്ങിയ മുട്ടയും അല്ലെങ്കിൽ ഒരു ഗ്ലാസ് തിളപ്പിച്ച പാലും ഒരു ഏത്തപ്പഴവും അല്ലെങ്കിൽ ഒരു ഗ്ലാസ് തിളപ്പിച്ച പാലും 2 കഷണം ബ്രൗൺബ്രെഡും എന്ന രീതിയിൽ എല്ലാ പ്രവൃത്തി ദിവസവും എല്ലാ ഐ. ടി. ഐ.-കളിലും നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഇതിനു പുറമേ ആര്യനാട്, അട്ടപ്പാടി, നിലമ്പൂർ എന്നീ ഐ.ടി.ഐ.-കളിൽ ദിവസേന ഉച്ചയൂണ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഉച്ചയൂണ് പദ്ധതി എല്ലാ സർക്കാർ ഐ.ടി.ഐ.-കളിലേയ്ക്കും വ്യാപിപ്പിക്കണമെന്നും പദ്ധതിയുടെ പുരോഗതിയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 11. പരസ്യവും പ്രചരണവും

(56) തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ പരമപ്രധാനമായ പ്രവർത്തനങ്ങൾ, സാധ്യതകൾ, ഗുണങ്ങൾ എന്നിവയെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി മാധ്യമങ്ങളിലൂടെ വലിയ തോതിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഇതിനോടൊപ്പം തൊഴിൽ പരിശീലന അവബോധം സൃഷ്ടിക്കുന്നതിനായി തൊഴിൽ മേളകൾ, നൈപുണ്യ വൈദഗ്ധ്യ മേളകൾ എന്നിവ സംഘടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.

## 12. പരീക്ഷാവിഭാഗത്തിന്റെ ശക്തിപ്പെടുത്തൽ

(57) വകുപ്പ് മുഖേന നടത്തി വരുന്ന ട്രേഡ് പരീക്ഷകളുടെ ചോദ്യപേപ്പർ, ഉത്തരക്കടലാസ് എന്നിവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി ചാക്ക ഐ.ടി.ഐ.-വളപ്പിൽ സ്ഥാപിക്കുന്ന ട്രേഡ് ടെസ്റ്റ് വിഭാഗത്തിന് വേണ്ടിയുള്ള പുതിയ കെട്ടിട

നിർമ്മാണം, കമ്പ്യൂട്ടർ അധിഷ്ഠിത ഇ-സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റിനായി പശ്ചാത്തല സൗകര്യങ്ങളും സോഫ്റ്റ്‌വെയറുകളും സജ്ജീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

## 13. നിയമനബദ്ധ തൊഴിൽ ശേഷിത പരിപാടി (PLEP)

(58) സ്വയം തൊഴിൽ കണ്ടെത്തുക എന്നതിലുപരിയായി തൊഴിൽ കമ്പോള ചോദനയ്ക്കനുസരിച്ച് പൊതു സ്വകാര്യ മേഖലകളിൽ നിയമനം ലഭ്യമാകുന്ന തരത്തിൽ യുവ തൊഴിൽ അന്വേഷകർക്ക് വളരെ വേഗത്തിലുള്ള നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള കർമ്മ പദ്ധതിയാണിത്. ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ്, കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ്, വ്യവസായ സ്ഥാപനങ്ങൾ, വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ എന്നിവരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തൊഴിൽരഹിതർ/യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനം, തൊഴിലധിഷ്ഠിത പരിശീലന ദാതാക്കളുടെ പൊതുവേദി സൃഷ്ടിക്കൽ, നൈപുണ്യ പരിശീലനത്തിലേയ്ക്ക് യുവാക്കളെ കൂടുതൽ ആകർഷിക്കൽ, ഓൺലൈൻ പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവ വികസിപ്പിച്ചെടുക്കുകയും പരിപാലിക്കുകയും ചെയ്യുക, എൻ.സി.വി.ടി./എസ്.സി.വി.ടി. എന്നിവയിലൂടെ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുക തുടങ്ങിയ കർമ്മ പരിപാടികൾ പദ്ധതിയുടെ ഭാഗമാണ്.

## 14. പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ

(59) പരിശീലന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ തുടക്കം കുറിച്ച നൈപുണ്യ വികസന പദ്ധതിക്ക് അനുസൃതമായി സംസ്ഥാനവും നൈപുണ്യവികസനം കൈവരിക്കുന്നതിനായി പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. 2016-2017 വർഷത്തിൽ 4 പുതിയ ഒന്നാം നിര ഐ.ടി.ഐ.-കൾ പടിയൂർ (കണ്ണൂർ), പേരാമ്പ്ര (കോഴിക്കോട്), പെരുമാട്ടി (പാലക്കാട്), വാമനപുരം (തിരുവനന്തപുരം) എന്നീ സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും 2016-17 ബഡ്ജറ്റിൽ ടോക്കൺ തുക വകയിരുത്തുകയും ചെയ്തു. പേരാമ്പ്രയിൽ (കോഴിക്കോട്) ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിക്കുകയും, പെരുമാട്ടി (പാലക്കാട്), വാമനപുരം (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനും കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം, കുന്ദമംഗലം, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, കണ്ണൂർ ജില്ലയിലെ ധർമ്മടം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. <u>പ്രസ്തുത പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u> പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 3 ഏക്കർ ഭൂമി വേണമെന്ന് നിബന്ധന ഉള്ളതായി സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ സംസ്ഥാനത്തെ ജനബാഹുല്യവും ഭൂലഭ്യതയുടെ പരിമിതിയും തിരിച്ചറിഞ്ഞുകൊണ്ട് പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് സ്ഥല വിസ്തൃതിയുടെ കാര്യത്തിൽ നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

*(ii) കേന്ദ്രാവിഷ്കൃത പദ്ധതികൾ*

**(1) ഐ.ടി.ഐ.-കൾ ഉത്കൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ**

(60) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 5 ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുകയും 7 ഐ.ടി.ഐ.-കളെ വേൾഡ് ബാങ്ക് പദ്ധതിയിൻ കീഴിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയുടെ 25% വിഹിതം സംസ്ഥാന സർക്കാരും 75% വിഹിതം കേന്ദ്ര സർക്കാരും വഹിക്കുന്നു. 2010 മാർച്ച് 31-ന് അവസാനിയ്ക്കേണ്ടിയിരുന്ന പദ്ധതിയുടെ കാലാവധി 2018 സെപ്റ്റംബർ വരെ ദീർഘിപ്പിച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിയ്ക്കണമെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**(2) മാതൃകാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ**

(61) ഐ.ടി.ഐ.-കൾ വഴി മേന്മയുള്ള തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി നിലവിലുള്ള സർക്കാർ ഐ.ടി.ഐ.-കളിൽ നിന്നും കുറഞ്ഞത് ഓരോ ഐ. ടി. ഐ. വീതം എല്ലാ സംസ്ഥാനങ്ങളിലും മാതൃകാ ഐ.ടി.ഐ. ആക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ള കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ പദ്ധതിയാണിത്. ഈ മാതൃകാ ഐ. ടി. ഐ.-കൾ പ്രാദേശിക വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള വൈദഗ്ധ്യവും തൊഴിൽ പരിശീലനവും നൽകുന്നതിന് വേണ്ടിയുള്ള 'ഡിമാന്റ് സെന്റർ'കളായി പ്രവർത്തിയ്ക്കുന്നതിനു വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. കേരളത്തിൽ കളമശ്ശേരി ഐ.ടി.ഐ.-യെയാണ് പ്രസ്തുത പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്നും ഈ പദ്ധതിയിലേക്ക് കൂടുതൽ ഐ.ടി.ഐ.കളെ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**(3) വ്യാവസായിക മൂല്യ വർദ്ധിത പ്രോഗ്രാമിനു വേണ്ടിയുള്ള നൈപുണ്യ ശാക്തീകരണം**

(62) രാജ്യത്തെമ്പാടുമുള്ള തെരഞ്ഞെടുക്കപ്പെട്ട വ്യാവസായിക പരിശീലനകേന്ദ്രങ്ങളെ പിന്തുണയ്ക്കുന്നതിനുവേണ്ടി നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം രൂപകൽപ്പന ചെയ്ത

പദ്ധതിയാണ് STRIVE. ഓരോ സംസ്ഥാനത്തും നന്നായി പ്രവർത്തിക്കുന്ന ഗവ. ഐ. ടി. ഐ.- കളെ സംസ്ഥാന ഗവൺമെന്റിന്റെയും വ്യാവസായിക പങ്കാളികളുടെയും സഹായത്തോടെ കണ്ടെത്തി NODES ആയി ചുമതലപ്പെടുത്തുന്നു. നിലവിലുള്ള വ്യവസായ ഹബ്ബുകളിലുള്ള ഐ.ടി.ഐ.-കളായിരിക്കും NODES ആയി പ്രവർത്തിക്കുന്നത്. നാളിതുവരെയും സർക്കാർ പദ്ധതികളിലൂടെ ധനസഹായമൊന്നും ലഭിയ്ക്കാത്ത താരതമ്യേന അവികസിതമായ 5 മുതൽ 8 വരെ ഗവ. ഐ.ടി.ഐ.-കളെ അഫിലിയേറ്റഡ് ആയി ഓരോ നോഡിനു കീഴിലും തെരഞ്ഞെടുക്കുന്നു. നോഡ് ഐ. ടി. ഐ. കളും അഫിലിയേറ്റഡ് ഐ.റ്റി.ഐ.കളും അടങ്ങുന്ന ഐ.ടി.ഐ. ക്ലസ്റ്ററുകളെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് ബോർഡ് (ഐ.എം.ബി) നിയന്ത്രിയ്ക്കുന്നു. ഐ. ടി. ഐ.-കളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള പ്രോത്സാഹനം, ഗവ. ഐ. ടി. ഐ.-കളിൽ അംഗ പരിമിത സൗഹാർദ്ദ പശ്ചാത്തല വികസനം എന്നിവയും ഈ പദ്ധതിയിലെ പ്രധാന പരിപാടികളാണ്. <u>പദ്ധതിയിലുൾപ്പെട്ട ഐ.ടി.ഐ.-കളുടെ ക്ലസ്റ്റർ തിരിച്ചുള്ള വിവരങ്ങളും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

*(iii) പുതിയ പദ്ധതികൾ*

## 1. പഠനാനന്തര പരിശീലന പദ്ധതിയുടെ ശാക്തീകരണം (ATS)

(63) വകുപ്പിന് ലഭ്യമായിട്ടുള്ള പരിശീലന സൗകര്യങ്ങൾ ഉപയോഗിച്ച് പഠനാനന്തര പരിശീലനം ഉറപ്പാക്കുക എന്നതാണ് വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ തരത്തിൽ കഴിവും ശേഷിയുമുള്ള മനുഷ്യശക്തിയെ പ്രദാനം ചെയ്യുന്നതിനുള്ള ഏറ്റവും സമർത്ഥമായ വഴി. രാജ്യത്ത് വ്യാവസായിക ആവാസ വ്യവസ്ഥയ്ക്ക് കഴിവുള്ളവരെ പ്രദാനം ചെയ്യുന്ന തരത്തിൽ ഏറ്റവും വാഗ്ദാനപരമായ ഒന്നാണ് പഠനാനന്തര പരിശീലനം. ക്രമബദ്ധവും കഠിനവുമായ പരിശീലന പരിപാടികളിലൂടെ അപ്രന്റീസുകളെ കാര്യശേഷിയുള്ളവരാക്കാൻ ഇതിലൂടെ കഴിയുന്നു. 1961-ലെ അപ്രന്റീസ്ഷിപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പഠനാനന്തര പരിശീലന പദ്ധതി സംസ്ഥാനത്തെ ഓരോ ജില്ലയിലുമുള്ള അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെ കാര്യാലയം മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പഠനാനന്തര പരിശീലനം മെച്ചപ്പെടുത്തുക എന്നതാണ് 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യം.

## 2. സംസ്ഥാന നൈപുണ്യവികാസ യജ്ഞം (KASE)

(64) കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും, നടപ്പിലാക്കുന്നതിനും ദേശീയ നൈപുണ്യ വികാസ യജ്ഞം (NSDM) എന്ന സംരംഭം രൂപീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യാ മിഷൻ ഓപ്പറേഷൻ (SIMO) -ന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി

പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(65) വ്യവസായ പരിശീലന വകുപ്പിനു കീഴിൽ എല്ലാ ഐ.ടി.ഐ.-കളിലും പ്ലേയ്സ്മെന്റ് സെല്ലുകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും ജോബ് ഫെയറുകൾ സമയബന്ധിതമായി സംഘടിപ്പിക്കപ്പെടുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി വ്യവസായ പരിശീലന വകുപ്പിന്റെ ജോബ് പോർട്ടൽ നിർജ്ജീവമാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ജോബ് പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## III നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

(66) രാജ്യത്തിനാവശ്യമായ മനുഷ്യവിഭവശേഷി ഏറ്റവും പ്രയോജനപ്രദമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസിന്റെ ലക്ഷ്യം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഒരു സംയുക്ത സംരംഭമാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്. എംപ്ലോയ്മെന്റ് ഡയറക്ടറാണ് വകുപ്പിന്റെ തലവൻ. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിലായി മൂന്ന് മേഖലാതല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയം പ്രവർത്തിക്കുന്നു. പ്രൊഫഷണൽ യോഗ്യതയുള്ളവർക്കും ബിരുദാനന്തര ബിരുദ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. 14 ജില്ലകളിലായി 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും താലൂക്ക് ആസ്ഥാനങ്ങളിൽ 62 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി ഭിന്നശേഷിക്കാരുടെ 6 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. എറണാകുളം, കോഴിക്കോട് ജില്ലകളിലായി 2 കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ എസ്.സി. എസ്.റ്റി പ്രവർത്തിക്കുന്നു. പേരാമ്പ്ര, ചിറ്റൂർ എന്നിവിടങ്ങളിൽ 2 കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നു. കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കുസാറ്റ്, ശ്രീശങ്കരാചാര്യ സർവ്വകലാശാല, മണ്ണുത്തി കാർഷിക സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല എന്നിവയോടനുബന്ധിച്ച് 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ എന്നിവയും മഞ്ചേശ്വരം, ദേവികുളം, കൊണ്ടോട്ടി, വണ്ടൂർ, പയ്യന്നൂർ, അട്ടപ്പാടി എന്നിവിടങ്ങളിലായി 6 എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & അസിസ്റ്റന്റ്സ് ബ്യൂറോകളും പ്രവർത്തിക്കുന്നു.

## 1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം

(67) വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും വേണ്ടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇ-ഓഫീസ് പദ്ധതി വകുപ്പിലെ എല്ലാ ഓഫീസുകളിലും നടപ്പിലാക്കണമെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(68) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ ലഭിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ പോർട്ടലിലൂടെ ലഭ്യമാക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വേക്കൻസി റിപ്പോർട്ടിംഗ് സംവിധാനം പൂർണ്ണമായും ഓൺലൈനാക്കണമെന്നും ഒഴിവുകൾ ഉദ്യോഗാർത്ഥികൾക്ക് വെബ്സൈറ്റ് വഴി പരിശോധിക്കുന്നതിനുള്ള സൗകര്യം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 2. മൾട്ടി പർപ്പസ് സർവ്വീസ് സെന്ററുകൾ / ജോബ് ക്ലബ്ബുകൾ

(69) 29-10-2017-ലെ ജി.ഒ.(പി)143/07/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് എന്ന സ്വയം തൊഴിൽ പദ്ധതി നിലവിൽ വന്നത്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് വേണ്ടി വകുപ്പ് നടത്തുന്ന വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ രഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികളെ അവരുടെ അഭിരുചിയ്ക്കനുസരിച്ചും സമ്മതപ്രകാരവും വ്യത്യസ്ത ഗ്രൂപ്പുകളായി തിരിച്ച് ബാങ്ക് വഴി ലോൺ നൽകിയും വകുപ്പിൽ വകയിരുത്തിയിട്ടുള്ള തുക സബ്സിഡിയായി നൽകിയും നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയാണിത്.

## 3. സ്വയം തൊഴിൽ പദ്ധതി (ശരണ്യ)

(70) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽ രഹിതരായ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിയ്ക്കുകയോ /ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കൻമാരുള്ള വനിതകൾ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനായി 50% സബ്സിഡിയോടുകൂടി പരമാവധി 50000 (അൻപതിനായിരം) രൂപ

വരെ പലിശരഹിത വായ്പ അനുവദിയ്ക്കുന്ന പദ്ധതിയാണ് ശരണ്യ പദ്ധതി. ഭാരിച്ച ജീവിതച്ചെലവ് കാരണം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുകയായ 50000 (അൻപതിനായിരം) രൂപ തുലോം കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത തുക 1 ലക്ഷം (ഒരു ലക്ഷം) രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 4. സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം.

(71) വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും അവരുടെ അഭിരുചിയ്ക്കനുസൃതമായ ഉന്നത വിദ്യാഭ്യാസവും തൊഴിലും തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിയ്ക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, വിദ്യാഭ്യാസ മേഖലയിലെ തൊഴിലധിഷ്ഠിതമായ കോഴ്സുകളെക്കുറിച്ചും തൊഴിൽ മേഖലയിലെ പുതിയ ജോലി സാദ്ധ്യതകളെക്കുറിച്ചും ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെക്കുറിച്ചും ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹ്യ സംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നു. സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ചുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ, സർവ്വകലാശാലകളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ &ഗൈഡൻസ് ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ

(72) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2012-2013 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഒരു ബൃഹത് പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും സോഫ്റ്റ് സ്കില്ലിന്റെ പരിശീലനം ആവശ്യമുള്ളവർക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം തൊഴിൽ നൈപുണ്യം കൈവരിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഒരുക്കുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം, തൊഴിൽ നേടിയവരുടെ എണ്ണം എന്നിവ വ്യക്തമാക്കുന്ന കണക്ക് (31-12-2017-ലെ കണക്ക്), നൈപുണ്യവികസന

കേന്ദ്രമാക്കി മാറ്റപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, സംഘടിപ്പിക്കപ്പെട്ട ജോബ് ഫെയറുകളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**6. മോഡൽ കരിയർ സെന്റർ**

(73) കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ കരിയർ സെന്റേഴ്സ് ആക്കുന്നതിന്റെ ഭാഗമായി ആയതിനുള്ള നടപടികൾ സ്വീകരിയ്ക്കുകയും ആദ്യഘട്ടമായി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, തിരുവനന്തപുരം മോഡൽ കരിയർ സെന്ററാക്കി മാറ്റുന്നതിനും ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും കൂടുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ കരിയർ സെന്ററുകളാക്കി മാറ്റുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**7. കൈവല്യ പദ്ധതി**

(74) ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളുടെ ഉന്നമനത്തിനായി 2016-2017 സാമ്പത്തിക വർഷം സർക്കാർ 'കൈവല്യ' പദ്ധതി പ്രഖ്യാപിയ്ക്കുകയും സ.ഉ (പി) നമ്പർ 174/2016/ധന ഉത്തരവ് പ്രകാരം പദ്ധതി നടപ്പിലാക്കുകയും ചെയ്യിട്ടുണ്ട്. സംരംഭകത്വ അഭിരുചിയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംരംഭങ്ങൾ ആരംഭിയ്ക്കുവാനുള്ള സാമ്പത്തിക സഹായവും പരിശീലനവും നൽകുന്നതിനും അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനും മത്സരപരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൈവല്യ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സാമ്പത്തിക സഹായവും പരിശീലനവും ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം, തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം ലഭിച്ചവർ, മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനം ലഭിച്ചവർ എന്നിവ സംബന്ധിച്ച കണക്ക് വ്യക്തമാക്കുന്ന വിശദാംശങ്ങളും (31-12-2017 വരെയുള്ളത്) ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ നിർദ്ദേശങ്ങൾ ഭിന്നശേഷിക്കാർക്ക് ലഭ്യമാകുന്ന രീതിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**8. കെസ്റു പദ്ധതി (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്മെന്റ്)**

(75) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്ക് മുഖാന്തിരം പരമാവധി

1,00,000 (ഒരു ലക്ഷം) രൂപ വരെ വ്യക്തിഗത വായ്പ അനുവദിയ്ക്കുകയും വായ്പ തുകയുടെ 20% സർക്കാർ സബ്സിഡി അനുവദിയ്ക്കുന്നതുമായ സ്വയം തൊഴിൽ പദ്ധതിയാണ് കെസ്റു. കെസ്റു പദ്ധതി പ്രകാരമുള്ള വായ്പാ തുക 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## IV. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

(76) തൊഴിൽ മേഖലയിൽ കാര്യശേഷി വർദ്ധിപ്പിയ്ക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവർക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകുക, ശിൽപ്പശാല, സെമിനാർ എന്നിവ സംഘടിപ്പിക്കുക, ഗവേഷണം, പ്രസിദ്ധീകരണം തുടങ്ങിയവ നടത്തുക എന്നിവയാണ് കിലെയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. തൊഴിലാളികൾക്കും തൊഴിലാളി സംഘടനകൾക്കും വേണ്ടി നേതൃത്വ വികസന, വ്യക്തിത്വ വികസന ശിൽപ്പ ശാലകൾ, വിവരാവകാശ നിയമം, മനുഷ്യാവകാശം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, മയക്കമരുന്ന് ഉപയോഗവും മദ്യപാനവും എന്നിവയെപ്പറ്റിയുള്ള സെമിനാറുകൾ, തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ, സ്ത്രീ തൊഴിലാളികൾക്കായുള്ള നേതൃത്വ വികസന ശിൽപ്പശാലകൾ, സ്ത്രീ തൊഴിലാളികൾക്കായുള്ള നിയമ പരിരക്ഷാ ബോധവൽക്കരണ പരിപാടികൾ, ആധുനിക സാങ്കേതിക വിദ്യ തൊഴിലാളികൾക്കിടയിൽ പരിചയപ്പെടുത്തൽ എന്നിവ സംഘടിപ്പിച്ചു വരുന്നു.

(77) തൊഴിലിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും സംബന്ധിച്ചും തൊഴിലും മാനസിക സംഘർഷവും സംബന്ധിച്ചുമുള്ള ശിൽപ്പശാലകൾ, നിർമ്മാണ വ്യവസായത്തിലെ സുരക്ഷ, സുരക്ഷിതമായ ഡ്രൈവിംഗ് എന്നിവ സംബന്ധിച്ച് സെമിനാറുകൾ, തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ബോധവൽക്കരണം, ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പും, സർക്കാർ സ്കൂളുകളിൽ പഠിയ്ക്കുന്ന കുട്ടികൾക്കായുള്ള കരിയർ ഗൈഡൻസ് ബോധ വൽക്കരണം, സ്ത്രീ തൊഴിലാളികൾക്കായുള്ള പ്രത്യേക തൊഴിൽ സുരക്ഷാ പദ്ധതികൾ, വ്യവസ്ഥകൾ എന്നിവ തൊഴിൽ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നു.

(78) ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കായുള്ള തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച ശിൽപ്പശാല, ഇതര സംസ്ഥാന തൊഴിലാളികൾക്കായി സംഘടിപ്പിയ്ക്കുന്ന അവകാശരഥം, ബാലാവകാശവും ചൂഷണവും, വ്യവസായത്തിലെ വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച സെമിനാറുകൾ, തൊഴിലാളികളുടെ മക്കൾക്കായുള്ള കരിയർ ഗൈഡൻസ്, ഉൽപ്പാദനക്ഷമതയും വ്യവസായങ്ങളും സംബന്ധിച്ച ബോധവൽക്കരണ സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിയ്ക്കുന്നു.

(79) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആശ്രിതർക്കായി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ എഴുതുന്നതിനുള്ള ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലന പരിപാടികൾ സംസ്ഥാനത്തുടനീളം കിലെ നടത്തിവരുന്നു. ഒഫീഷ്യൽ കമ്മ്യൂണിക്കേഷൻ ആന്റ് ഇന്റർപേഴ്സണൽ സ്കിൽസ് - തൊഴിലും നൈപുണ്യവും വകുപ്പിലെ ക്ലറിക്കൽ ജീവനക്കാർക്കും തൊഴിൽ എംപ്ലോയ്മെന്റ് വകുപ്പുകളിലെ ജീവനക്കാർക്കും വിവിധ ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാർക്കും പ്രത്യേകമായി പ്രസ്തുത വിഷയത്തിൽ പരിപാടി സംഘടിപ്പിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന തൊഴിൽ അനുബന്ധ വിഷയങ്ങളിൽ പരസ്യം നൽകി പി.എച്ച്.ഡി./എം.ഫിൽ യോഗ്യതയുള്ളവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിച്ച് വിദഗ്ദ്ധർ അടങ്ങിയ ഗവേഷണ കോർ കമ്മിറ്റിയുടെ വിലയിരുത്തലിലൂടെയും സർക്കാർ അംഗീകാരത്തോടെയും ഗവേഷണ പഠനങ്ങൾ നടത്തി വരുന്നു.

(80) കിലെ ന്യൂസ് എന്ന പേരിൽ ഒരു ത്രൈമാസിക മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുന്നു. തൊഴിൽ നിയമങ്ങൾ സാധാരണക്കാർക്ക് അനായാസം മനസ്സിലാക്കാവുന്ന തരത്തിൽ തയ്യാറാക്കുന്ന മലയാള കൈപ്പുസ്തകങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുടെ ഒരു ഏകീകരണ പ്രസിദ്ധീകരണം (മാനുവൽ ഓഫ് ലേബർ ലാസ്) എന്നിവയും കിലെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ട് തൊഴിലാളി നിയമം, പ്രോവിഡന്റ് ഫണ്ട് നിയമവും പദ്ധതികളും, തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ, തൊഴിൽവകുപ്പ് ഉപയോഗിക്കുന്ന വാക്കുകളുടെ ഒരു മലയാള പദകോശം എന്നിവ പ്രസിദ്ധീകരിച്ച് സൗജന്യമായി വിതരണം ചെയ്തു വരുന്നു.

## V.ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

(81) വകുപ്പ് ഡയറക്ടറേറ്റിൽ ഡയറക്ടറും ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്)ഉം പ്രവർത്തിക്കുന്നു. ഡയറക്ടറെ ഭരണകാര്യങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും സാമ്പത്തിക കാര്യങ്ങളിൽ ധനകാര്യ ഓഫീസറും സഹായിക്കുന്നു.

(82) ഫാക്ടറീസ് നിയമം 1948, ഇന്ത്യൻ ബോയിലേഴ്സ് നിയമം 1923, പേയ്മെന്റ് ഓഫ് വേജസ് നിയമം 1936, പ്രസവാനുകൂല്യ നിയമം 1961, ഡെയിഞ്ചറസ് മെഷീൻ (റെഗുലേഷൻ) നിയമം 1983, പരിസ്ഥിതി (സംരക്ഷണം) നിയമം 1986, Building and Other Construction Workers (Regulation of Employment and Conditions of Services Act, 1996) എന്നീ നിയമങ്ങളും അനുബന്ധ ചട്ടങ്ങളുമാണ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കുന്നത്. വ്യവസായശാലകളിൽ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് അനുകൂലമായ തൊഴിലന്തരീക്ഷം ഉറപ്പു വരുത്തുക, തൊഴിലാളികളുടെയും വ്യവസായശാലാ പരിസര നിവാസികളുടെയും ആരോഗ്യം, സുരക്ഷിതത്വം എന്നിവ ഉറപ്പ് വരുത്തുക, ബോയിലറുകളുടെ പ്രവർത്തനം അപകടരഹിതമായി നിലനിർത്തുക, ഫാക്ടറികളിലെ തൊഴിലാളികളുടെ വേതനം നൽകുന്നത് സംബന്ധിച്ചുള്ള നിയമവും സ്ത്രീ

തൊഴിലാളികളുടെ പ്രസവാനുകൂല്യം നൽകുന്നത് സംബന്ധിച്ചുള്ള നിയമവും നടപ്പിൽ വരുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക എന്നീ ചുമതലകളാണ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നത്.

(83) പരിശോധനാ വിഭാഗവും വിദഗ്ദ്ധർ ഉൾക്കൊള്ളുന്ന ആരോഗ്യ സുരക്ഷിതത്വ ഉപദേശക വിഭാഗവും ഉൾക്കൊള്ളുന്ന ദ്വിതല സംവിധാനമാണ് വകുപ്പിന്റേത്. സംസ്ഥാനത്ത് നിലവിലുള്ള 22545 (ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി അഞ്ച്) ഫാക്ടറികളെ 47 ഫാക്ടറി ഡിവിഷനുകളായും അവയെ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ 3 മേഖലകളായി തിരിച്ച് ഓരോ മേഖലയും ഓരോ ജോയിന്റ് ഡയറക്ടറുടെ അധികാര പരിധിയിലുൾപ്പെടുത്തിയിരിക്കുന്നു. ഓരോ ഡിവിഷനിലെയും ഫാക്ടറികളുടെ പരിശോധന ഫാക്ടറി ഇൻസ്പെക്ടർമാരിൽ നിക്ഷിപ്തമാണ്.

(84) ഒരു ജോയിന്റ് ഡയറക്ടറും 4 മെഡിക്കൽ ആഫീസർമാരും ഉൾക്കൊള്ളുന്ന ഒക്കുപ്പേഷണൽ ഹെൽത്ത് വിഭാഗവും ഒരു ടെക്നിക്കൽ ആഫീസർ (കെമിക്കൽ), 3 ഫാക്ടറി ഇൻസ്പെക്ടർമാർ, 4 കെമിക്കൽ ഇൻസ്പെക്ടർമാർ, ഒരു ഇൻഡസ്ട്രിയൽ ഹൈജിനിസ്റ്റ്, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ ഉൾക്കൊള്ളുന്ന ഫുൾ സേഫ്റ്റി കൺട്രോൾ സിസ്റ്റം സെല്ലും ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറി ഉൾക്കൊള്ളുന്ന കെമിക്കൽ ഡിവിഷനും ചേർന്നുള്ളതാണ് ആരോഗ്യ സുരക്ഷിതത്വ ഉപദേശകവിഭാഗം. ആരോഗ്യഹാനി ഉണ്ടാക്കുന്ന അന്തരീക്ഷത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ തിരിച്ചറിഞ്ഞ് അവരെ കാലാകാലങ്ങളിൽ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കി തൊഴിൽജന്യരോഗങ്ങൾ പിടിപെടാതിരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറിയുടെ സഹായത്തോടെ തൊഴിലന്തരീക്ഷത്തിലെ വാതകങ്ങൾ, പൊടിപടലങ്ങൾ തുടങ്ങിയ മാലിന്യങ്ങളുടെ തോത് നിർണ്ണയിക്കുകയും അവ പരിധിക്കപ്പുറം കടക്കാതിരിക്കുന്നതിനുള്ള ഉപദേശങ്ങൾ അതത് പരിശോധനാവിഭാഗം ഉദ്യോഗസ്ഥർക്ക് നൽകുകയും പ്രസ്തുത ഉദ്യോഗസ്ഥർ അതുപ്രകാരം ഫാക്ടറി നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നിർദ്ദേശങ്ങൾ ഫാക്ടറി മാനേജ്മെന്റിന് നൽകി നടപ്പിലാക്കുകയും ചെയ്യുന്നു.

## VI. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

(85) ഇ. എസ്. ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണവും നിലവാരം മെച്ചപ്പെടുത്തലും, ഇ. എസ്. ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങൽ, ഇ. എസ്. ഐ. ആശുപത്രി കളുടെയും ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും കമ്പ്യൂട്ടർവൽക്കരണം, ഡയറക്ടറേറ്റിന്റെ രണ്ടാംഘട്ട കമ്പ്യൂട്ടർവൽക്കരണം, എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ബയോമെട്രിക് ഹാജർ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ, എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും ഇലക്ട്രോണിക് ടോക്കൺ സമ്പ്രദായം സ്ഥാപിക്കൽ, ഇ.എസ്.ഐ.

ആശുപത്രികളിൽ സമഗ്ര ജൈവ പച്ചക്കറി കൃഷി, ആശുപത്രി പരിസര പരിപാലനം, മെഡിക്കൽ/പാരാമെഡിക്കൽ/നഴ്സിംഗ് വിഭാഗം ജീവനക്കാർക്ക് പ്രഥമ ശുശ്രൂഷയുടെ പരിശീലനം നൽകൽ, മിനിസ്റ്റീരിയൽ ജീവനക്കാർക്കും ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും അഡ്മിനിസ്ട്രേറ്റീവ്/കമ്മ്യൂണിക്കേഷൻ/സോഫ്റ്റ് സ്കിൽ പരിശീലനം നൽകൽ, എല്ലാ ജില്ലയിലും എൻ.സി.ഡി. ക്ലിനിക്കുകൾ സ്ഥാപിക്കൽ, എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ.

(86) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിട നിർമ്മാണത്തിന്റെ ഉദ്ഘാടനം നടത്തപ്പെട്ടുവെങ്കിലും തുടർ പ്രവർത്തനങ്ങൾ ഉണ്ടായി ട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഇതര സംസ്ഥാന തൊഴിലാളികൾ**

(87) കഴിഞ്ഞ ഒരു ദശാബ്ദക്കാലം കൊണ്ട് സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ രംഗങ്ങളിൽ ഇതരസംസ്ഥാന തൊഴിലാളികൾ ചെലുത്തിവരുന്ന ഗണ്യമായ സ്വാധീനം സമിതി തിരിച്ചറിയുന്നു. പ്രസ്തുത സാഹചര്യത്തിൽ തൊഴിൽ നിയമങ്ങളുടെ പാലനവും സാമൂഹ്യ സുരക്ഷിതത്വവും ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഉറപ്പാക്കേണ്ടത് അനിവാര്യമാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുവാൻ സമിതി തീരുമാനിച്ചത്.

(88) മാനവരാശിയുടെ ചരിത്രമെടുത്തു പരിശോധിച്ചാൽ അതിലെ ഒരദ്ധ്യായം പലായനങ്ങളുടെയും കുടിയേറ്റങ്ങളുടേതുമായിരിക്കുമെന്നത് നിസ്തർക്കമാണ്. മെച്ചപ്പെട്ട ആവാസ മേഖലകൾ തേടിയുള്ള മനുഷ്യന്റെ പ്രയാണങ്ങൾക്ക് മനുഷ്യചരിത്രത്തോളം തന്നെ കാലപ്പഴക്കമുണ്ട്. ഇത്തരം പലായനങ്ങൾ കുടിയേറ്റം നടത്തുന്നവരുടെ മാത്രമല്ല കുടിയേറ്റം ചെയ്യപ്പെടുന്ന സ്ഥലങ്ങളിലെയും വിവിധ മേഖലകളിൽ സ്വാധീനം സൃഷ്ടിക്കുന്നു. സ്വാതന്ത്ര്യാനന്തരം മദ്ധ്യപൗരസ്ത്യ ദേശങ്ങളിലേയ്ക്കും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും അമേരിക്കൻ ഐക്യ നാടുകളിലേയ്ക്കും മാന്യമായ തൊഴിലും മെച്ചപ്പെട്ട വേതനവും തേടിപ്പോവുകയും പിന്നീട് അവിടങ്ങളിൽ കുടിയേറിപ്പാർത്തും മലയാളികൾ നാട്ടിലേയ്ക്ക് അയച്ച വിദേശനാണ്യം കേരളത്തിന്റെയും ഭാരതത്തിന്റെയും സാമ്പത്തിക പുരോഗതിയിൽ മുഖ്യ പങ്ക് വഹിക്കുകയുണ്ടായി. ഇതിനു സമാനമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും

ജനങ്ങൾ സംസ്ഥാനത്തേയ്ക്ക് കൂട്ടമായി കടന്നു വരുന്ന കാഴ്ചയാണ് സമീപകാലത്തായി കണ്ടു വരുന്നത്. ഇത്തരത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ഒഴുക്ക് സംസ്ഥാനത്ത് വിവിധ മേഖലകളിൽ നല്ലതും മോശമായതുമായി ഒരു സമ്മിശ്രസ്വാധീനം സൃഷ്ടിയ്ക്കുന്നു. ആയതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽപരമായ അവകാശങ്ങളും ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതോടൊപ്പം അവരുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിയ്ക്കപ്പെടേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുന്നു.

(89) സംസ്ഥാന സർക്കാർ നിയോഗിച്ച ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ 2013-ൽ നടത്തിയ പഠനമനുസരിച്ച് 25 ലക്ഷത്തിൽപ്പരം ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തൊഴിൽ ചെയ്യുന്നു. ഓരോ വർഷവും ഒന്നര ലക്ഷത്തിൽപ്പരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധന. പശ്ചിമ ബംഗാൾ, ബീഹാർ, ആസ്സാം, ഒഡീഷ, ജാർഖണ്ഡ്, ഛത്തീസ്ഗഢ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഏകദേശം 18 നും 35 നും മദ്ധ്യേ പ്രായമുള്ളവരാണ് തൊഴിൽ തേടിയെത്തുന്നവരിൽ ഭൂരിപക്ഷവും. ഇവരിൽ അധികം പേരും നിർമ്മാണം, ഹോട്ടൽ, കൃഷി, ഗാർഹിക, പ്ലൈവുഡ് മേഖലകളിലാണ് ജോലി ചെയ്യുന്നത്. എന്നാൽ ഇവരെ സംബന്ധിച്ച ആധികാരികമായ കണക്കുകളും വിവരങ്ങളും സർക്കാരിൽ ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഭാരത സർക്കാരിന്റെ 1979-ലെ അന്തർ സംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ അതിൽ കൂടുതലോ അന്തർ സംസ്ഥാന തൊഴിലാളികളെ ഏതെങ്കിലും കരാറടിസ്ഥാനത്തിലോ കരാറുകാരൻ മുഖേനയോ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യിപ്പിയ്ക്കുന്നതിന് തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും കരസ്ഥമാക്കേണ്ടതാണ്. ഇത്തരത്തിൽ ലൈസൻസ് ലഭ്യമാക്കുന്നതിനായി കോൺട്രാക്ടറുടെ അപേക്ഷയോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പൂർണ്ണമായ വിവരവും ലൈസൻസിംഗ് അതോറിറ്റിയ്ക്ക് നൽകേണ്ടതാണെങ്കിലും ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷൻ ഫലപ്രദമായി നടക്കുന്നില്ല എന്ന് സമിതി നിരീക്ഷിയ്ക്കുന്നു.

(90) കേരളത്തിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷയും സൗജന്യ ചികിത്സാ സഹായവും നൽകുന്ന ആവാസ് പദ്ധതി 27-10-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ അംഗമാകുന്നവർക്ക് 15,000 (പതിനയ്യായിരം) രൂപയുടെ സൗജന്യ ചികിത്സാ ഇൻഷ്വറൻസും 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസും ലഭ്യമാക്കുന്നു. പദ്ധതിയ്ക്ക് വേണ്ടിയുള്ള ബയോമെട്രിക് അധിഷ്ഠിത രജിസ്ട്രേഷൻ പുരോഗമിയ്ക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണവും പദ്ധതിയുടെ ഭാഗമായി ലക്ഷ്യം വെയ്ക്കുന്നു. 2017-ഡിസംബറോടുകൂടി 5 ലക്ഷം ഇതര

സംസ്ഥാന തൊഴിലാളികളെ പദ്ധതിയുടെ ഭാഗമാക്കുവാനാണ് വകുപ്പ് ലക്ഷ്യമിട്ടിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് സംസ്ഥാനത്താകെയുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവാണ്.

(91) ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടിയുള്ള ആവാസ് പദ്ധതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ പ്രക്രിയ അടിയന്തരമായി പൂർത്തിയാക്കുവാനും ഇതര സംസ്ഥാന തൊഴിലാളികളെ മുഴുവൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ, ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പുകളിൽ ഹെൽപ്പ് ഡസ്ക് ആരംഭിക്കണമെന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ജീവിത പുരോഗതി ലക്ഷ്യം വച്ചുള്ള പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ അവർ തന്നെയായിരിക്കണമെന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ പരിശോധന നടത്തി പ്രസ്തുത തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷവും രജിസ്ട്രേഷൻ ഇല്ലാത്ത തൊഴിലാളികൾ പണിയെടുക്കുന്നതായി കണ്ടെത്തിയാൽ നിയമനടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത തൊഴിലാളികളെ ഉപയോഗിച്ച് ജോലി ചെയ്യിക്കുന്ന കോൺട്രാക്ടർമാരുടെ ലൈസൻസ് റദ്ദ് ചെയ്യണമെന്നും 1979-ലെ അന്തർ സംസ്ഥാന തൊഴിലാളി നിയമപ്രകാരം കോൺട്രാക്ടർമാർക്കെതിരെയും തൊഴിലുടമകൾക്കെതിരെയും നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. താലൂക്ക് തലത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ നേതൃത്വത്തിൽ തൊഴിൽ, ആഭ്യന്തര, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികളുടെ പുരോഗതിയും രജിസ്ട്രേഷൻ ഇല്ലാത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെയും പ്രസ്തുത തൊഴിലാളികളെ തൊഴിലിന് നിയോഗിക്കുന്ന കോൺട്രാക്ടർമാർക്കെതിരെയും തൊഴിലുടമകൾക്കെതിരെയും സ്വീകരിക്കുന്ന നടപടികളും നിരീക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(92) ഇതര സംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്നവർ ഉള്ളതായി സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ ചിലർ കൊലപാതകമടക്കമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും തുടർന്ന് സ്വദേശത്തേയ്ക്ക് മടങ്ങുകയും ചെയ്യുകയും തുടർന്ന് അന്വേഷണം നടത്തുമ്പോൾ വ്യക്തിഗത വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പോലീസിന് കുറ്റവാളികളെ പിടികൂടാൻ കഴിയാത്ത അവസ്ഥയുമാണ് നിലവിലുള്ളത്. ആയതിനാൽ ഇതര സംസ്ഥാന

തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ ശിപാർശ ചെയ്ത സർവ്വേ സമഗ്രമായി നടത്തണമെന്നും ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ അടക്കമുള്ള വിവരങ്ങൾ പരിപൂർണ്ണമായി ഉൾക്കൊള്ളുന്ന ബയോമെട്രിക് അധിഷ്ഠിത ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുകയും വിവിധ സർക്കാർ വകുപ്പുകൾക്കു ലഭ്യമാക്കുകയും ചെയ്യണമെന്നും പ്രസ്തുത ഡാറ്റാബേസ് പുതുതായി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി നിരന്തരം പരിഷ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(93) കേരളത്തിലെ മികച്ച തൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെട്ട വേതന വ്യവസ്ഥകളുമാണ് ഇതര സംസ്ഥാന തൊഴിലാളികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നത്. നാട്ടിൽ 60-150 രൂപ വരെ മാത്രം ദിവസവേതനം ലഭിക്കുമ്പോൾ കേരളത്തിൽ ഏറ്റവും കുറഞ്ഞ ദിവസവേതനം 300 (മുന്നൂറ്) രൂപയാണ്. ശരാശരി 600 (അറുന്നൂറ്) രൂപയാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ ദൈനംദിന വേതനം. നിർമ്മാണ മേഖലയിൽ 1000-1200 രൂപയും പ്ലൈവുഡ് മേഖലയിലെ തൊഴിലാളികൾക്ക് 400 (നാന്നൂറ്) -500 (അഞ്ഞൂറ്) രൂപയും റൈസ്മില്ലുകളിലെ ലോഡിംഗ് തൊഴിലാളികൾക്ക് 500 (അഞ്ഞൂറ്) - 1000 (ആയിരം) രൂപയും വേതനം ലഭിക്കുന്നു. മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിന്റെ ഫലമായി കേരളത്തിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളിൽ കാര്യമായ പുരോഗതി കൈവന്നിട്ടുണ്ട്.

(94) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 18 വയസ്സ് മുതൽ 60 വയസ്സ് വരെ പ്രായമുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്കു ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം (25000/-(ഇരുപത്തയ്യായിരം)രൂപ), ടെർമിനൽ ബെനിഫിറ്റ് (10000 (പതിനായിരം) രൂപ) മുതൽ (25000 (ഇരുപത്തയ്യായിരം) രൂപ വരെ), വിദ്യാഭ്യാസ ആനുകൂല്യം 1000 (ആയിരം) രൂപ മുതൽ (3000 (മൂവായിരം)രൂപ വരെ), അപകടമരണ സഹായം ( 50000 (അൻപതിനായിരം) രൂപ), ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5000 (അയ്യായിരം)രൂപ) മുതൽ 15000 (പതിനയ്യായിരം) രൂപ വരെ), പ്രസവ ധനസഹായം (15000 (പതിനയ്യായിരം)രൂപ) തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നു. ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയെപ്പറ്റി വ്യാപകമായ പ്രചരണം നൽകണമെന്നും ആവാസ് പദ്ധതിയുമായി ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ പേരെ പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(95) സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല മാരക രോഗങ്ങളും ഇതര സംസ്ഥാന തൊഴിലാളികളിലൂടെ തിരിച്ചെത്തുന്നതായി കാണപ്പെടുന്നു. ബീഹാറിലും ഝാർഖണ്ഡിലും വ്യാപകമായി കണ്ടുവരുന്നതും കേരളത്തിൽ കരിമ്പനി എന്നറിയപ്പെടുന്നതുമായ തൊലിപ്പുറത്തുവരുന്ന കാലാഅസർ എന്ന രോഗം ഇതര സംസ്ഥാന തൊഴിലാളികളിലൂടെ സംസ്ഥാനത്ത് വ്യാപകമാവുകയാണ്. മലേറിയ രോഗം സംസ്ഥാനത്ത് നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടതാണെങ്കിലും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ വരവോടുകൂടി വ്യാപകമായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ ഭൂരിഭാഗം പേരും ലഹരി പദാർത്ഥങ്ങൾ അമിതമായി ഉപയോഗിയ്ക്കുന്നവരും ശുചിത്വക്കുറവുമൂലമുള്ള ചർമ്മ രോഗബാധിതരുമാണ്. പ്ലൈവുഡ്,ഫർണിച്ചർ, റൈസ് മിൽ തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ രോഗങ്ങൾ അധികമായി കണ്ടുവരുന്നു. ആയതിനാൽ പ്രസ്തുത മേഖലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെപ്പറ്റിയും അവരുടെ രോഗ വിവരങ്ങളെപ്പറ്റിയുമുള്ള വിശദാംശങ്ങൾ ശേഖരിക്കുകയും രോഗപ്രതിരോധത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(96) ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ തൊഴിൽ വകുപ്പ് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും നിരവധി പേർക്ക് കുഷ്ഠ രോഗം ഉള്ളതായി കണ്ടെത്തുകയും ചെയ്തുവെങ്കിലും രോഗബാധ കണ്ടെത്തിയതിനെത്തുടർന്ന് രോഗബാധിതർ മേഖലയിൽ നിന്ന് മാറിപ്പോവുകയോ നാട്ടിലേക്ക് മടങ്ങുകയോ ചെയ്യുന്നതിനാൽ തുടർചികിത്സ അസാദ്ധ്യമാകുന്ന അവസ്ഥയാണുള്ളത്. ബാർബർഷോപ്പ്, ഹോട്ടൽ തുടങ്ങിയ എല്ലാ മേഖലകളിലും ഇത്തരത്തിലുള്ളവർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ രോഗങ്ങൾ കണ്ടെത്തിയാലും ഇവർ പ്രത്യേക ചികിത്സയ്ക്ക് വിധേയമാകാറില്ല. ഇതിനു പുറമേ എച്ച്. ഐ. വി. സംക്രമണ ഭീഷണിയും ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ബാർബർ ഷോപ്പ്, ഹോട്ടൽ തുടങ്ങിയ മേഖലകളിൽ പരിശോധന നടത്തി രോഗസംക്രമണം തടയുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(97) ആരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ഭാരതത്തിനാകെ മാതൃകയും വികസിത രാജ്യങ്ങളുടെ നിലവാരത്തിന് തുല്യവുമാണ്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യനിലവാരത്തിൽ ശ്രദ്ധാന്തി പുലർത്തിയാൽ മാത്രമേ സംസ്ഥാനത്തിന്റെ ആരോഗ്യ രംഗത്തെ മേന്മ നിലനിർത്താൻ കഴിയുകയുള്ളൂ. ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ നിലനിർത്തുവാൻ ഇതര സംസ്ഥാന തൊഴിലാളികളിലെ രോഗങ്ങൾ യഥാസമയം ചികിത്സിച്ച് ഭേദമാക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പ് സൗജന്യമായി മരുന്നുകൾ നൽകുന്നുണ്ടെങ്കിലും തൊഴിലാളികൾ ജോലി സ്ഥലം മാറിക്കൊണ്ടിരിയ്ക്കുന്നതിനാൽ ചികിത്സ പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങൾ നേരിടുന്നു. ആയതിനാൽ സംസ്ഥാനത്തെ ജനങ്ങളെ പകർച്ചവ്യാധികളിൽ നിന്നും

സംരക്ഷിയ്ക്കുന്നതിനും രോഗബാധിതരായ ഇതര സംസ്ഥാന തൊഴിലാളികളെ യഥാസമയം കണ്ടെത്തി ചികിത്സിക്കുന്നതിനുമായി അവർ തിങ്ങിപ്പാർക്കുന്ന കോളനികളും അവർ ജോലി ചെയ്യുന്ന സ്ഥലങ്ങളും കേന്ദ്രീകരിച്ച് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിലുള്ള ഹെൽത്തി കേരള പ്രോഗ്രാം സജീവമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ പരിശോധന നിർബന്ധമാക്കണമെന്നും സാംക്രമിക രോഗങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(98) താമസ സൗകര്യവുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കു താമസിക്കുവാൻ മുറികൾ നൽകുന്നതിൽ തദ്ദേശവാസികൾ വിമുഖരാണ്. ഇതര സംസ്ഥാന തൊഴിലാളികളെ ജോലിയ്ക്കു നിർത്തുന്ന കമ്പനികളിൽ ചിലതുമാത്രമാണ് സ്വന്തമായി താമസസൗകര്യം ഏർപ്പെടുത്തി നൽകാറുള്ളത്. അല്ലാത്ത കമ്പനികളിലെ തൊഴിലാളികൾ സ്വന്തം നിലയ്ക്ക് താമസസൗകര്യം കണ്ടെത്തി താമസിയ്ക്കുകയാണ് ചെയ്യുന്നത്. അവർ വലിയ തോതിലുള്ള ചൂഷണത്തിന് വിധേയരാകുന്നു. നൽകുന്ന വാടകയ്ക്ക് അനുസൃതമായ സൗകര്യങ്ങൾ ലഭിയ്ക്കുന്നില്ല. ചെറിയ മുറികളിൽ കൂടുതൽ പേർ താമസിക്കുകയും ഒരേ ടോയ്‌ലറ്റ് നിരവധി പേർ ഉപയോഗിയ്ക്കുകയും ചെയ്യുന്നതുമൂലം നിരവധി ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ട്. വ്യക്തി ശുചിത്വത്തിന്റെ കാര്യത്തിൽ ഇവർ പുലർത്തുന്ന അലംഭാവവും ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിയ്ക്കുന്നു. പൊതുവിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങൾ മാലിന്യപൂരിതമാണ്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളും അവർ തിങ്ങിപ്പാർക്കുന്ന മേഖലകളിലെ കോളനികളും കേന്ദ്രീകരിച്ച് വീടുകളിലെ ശുചിത്വ സംവിധാനങ്ങളെപ്പറ്റി ബോധവൽക്കരണവും നിരന്തര പരിശോധനയും നടത്തി ശുചിത്വവും ആരോഗ്യപൂർണ്ണമായ ചുറ്റുപാടുകളും ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(99) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയ പദ്ധതിയാണ് അപ്നാഘർ. അപ്നാഘർ പദ്ധതിയിലെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്രയിൽ ആരംഭിച്ചു. 640 പേർക്ക് അടുക്കള, ടോയ്‌ലറ്റ്, ഊണുമുറി, കളിക്കാനുള്ള സൗകര്യം, ബാത്ത്ഷവറും വസ്ത്രം അലക്കുന്നതിനും ഉണക്കുന്നതിനുമുള്ള സൗകര്യം, വിശ്രമിക്കാനുള്ള ഇരിപ്പിടം എന്നീ സൗകര്യങ്ങളോടെ 44200 (നാൽപ്പത്തിനാലായിരത്തി ഇരുന്നൂറ്) ചതുരശ്ര അടിയിൽ നിർമ്മിക്കുന്ന ഈ ഹോസ്റ്റലിന്റെ ആകെ ചെലവ് 8 കോടി രൂപയാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടിയുള്ള അപ്നാഘർ പദ്ധതിയുടെ ഭാഗമായി പുരോഗമിയ്ക്കുന്ന പാലക്കാട്-കഞ്ചിക്കോട് സ്കീം,

നിർദ്ദേശിത തിരുവനന്തപുരം-ചെമ്പഴന്തി, എറണാകുളം-കളമശ്ശേരി, കോഴിക്കോട്- രാമനാട്ടുകര സ്കീമുകൾ എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നും പ്രസ്തുത പദ്ധതി മറ്റ നഗരങ്ങളിലേയ്ക്കു കൂടി വ്യാപിപ്പിക്കണമെന്നും ആയതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(100) ധാരാളം ഇതര സംസ്ഥാന തൊഴിലാളികൾ കുടുംബത്തോടൊപ്പം കേരളത്തിൽ താമസിക്കുകയും അവരുടെ കുട്ടികൾ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുകയും ചെയ്യുന്നു. എന്നാൽ ജനനസർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളില്ലാത്തതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ ഉപരിപഠനം, ജോലി എന്നിവയ്ക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഇതര സംസ്ഥാന തൊഴിലാളി കുടുംബത്തിൽ ജനിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ നിയമവകുപ്പുമായി ആലോചിച്ച് സ്വീകരിക്കുവാനും അതിന്റെ പുരോഗതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

(101) ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി സൗകര്യങ്ങൾ ഒരുക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി എല്ലാ ജില്ലകളിലും മൈഗ്രന്റ് റിസോഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(102) അന്യസംസ്ഥാന തൊഴിലാളികൾ എന്ന പ്രയോഗം അനുചിതമാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ 'അന്യസംസ്ഥാന തൊഴിലാളികൾ' എന്നതിനു പകരം 'ഇതര സംസ്ഥാന തൊഴിലാളികൾ' എന്ന പദം മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളെ വിശേഷിപ്പിക്കുന്നതിനായി ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(103) സംസ്ഥാനത്തെ തൊഴിലാളി സമൂഹത്തിനാകെ അവമതിപ്പുണ്ടാക്കുന്ന ഒരു സാമൂഹ്യ വിപത്താണ് നോക്കുകൂലി സമ്പ്രദായം. നോക്കുകൂലി വാങ്ങുന്നതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായോ അനർഹമായോ തുക വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് വാങ്ങിയ തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്നതായ പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി

പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(104) വിദേശ മലയാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഗണ്യമായ സംഭാവന നൽകുകയും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ നിർണ്ണായകമായ പങ്ക് വഹിയ്ക്കുകയും ചെയ്യുന്നു. വിദേശത്തേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്ന നിരവധി ഏജൻസികൾ സംസ്ഥാനത്ത് നിലവിലുണ്ട്. വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പുകൾക്ക് ഇരയായി പണവും ജീവിതം തന്നെയും നഷ്ടപ്പെട്ട നിരവധി ആളുകളാണ് സംസ്ഥാനത്തുള്ളത്. ഇത്തരം വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നും ഉദ്യോഗാർത്ഥികളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. മുൻകാലങ്ങളിൽ ഇത്തരം തട്ടിപ്പുകൾ നടത്തിയവർ പിന്നീട് മറ്റു പേരുകളിൽ ഈ രംഗത്തേയ്ക്ക് മടങ്ങിവരുകയും തട്ടിപ്പുകൾ ആവർത്തിയ്ക്കുകയും ചെയ്യുന്നു. ആയതിനാൽ ഇത്തരം തട്ടിപ്പുകൾ നടത്തിയവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്കായി വെബ്സൈറ്റ് മുഖേന ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(105) വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് നടക്കുന്ന തട്ടിപ്പുകൾ തടയുന്നതിനുള്ള അധികാരം പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് എന്നീ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. വ്യാജറിക്രൂട്ട്മെന്റ് ഏജൻസികൾക്കെതിരെ നടപടിയെടുക്കുന്നതിന് ഒരു വിദേശ റിക്രൂട്ടിംഗ് ഏജൻസി മാത്രമായ ഒഡെപെകിന് അധികാരമില്ല. നിലവിൽ 2500 ഓളം റിക്രൂട്ടിംഗ് ഏജൻസികൾ ഇന്ത്യയിലുണ്ട്. വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ ജാഗരൂകരായിരിക്കേണ്ടതിനെക്കുറിച്ച് ടെലിവിഷൻ, പത്രം എന്നീ മാധ്യമങ്ങളിലൂടെ കേന്ദ്ര സർക്കാർ ബോധവൽക്കരണം നടത്തുന്നു.

(106) ഒഡെപെകിന്റെ ആഭിമുഖ്യത്തിൽ വിദേശത്ത് ജോലി തേടുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. തൊഴിൽ, നോർക്ക എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ വിദേശത്ത് ജോലി തേടുന്നവർക്കായി നടത്തിവരുന്ന വിവിധ പരിശീലന പരിപാടികൾ ഏകോപിപ്പിയ്ക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(107) ബാലവേല (നിയന്ത്രണവും നിരോധനവും) നിയമം-1986 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫയർ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. അന്താരാഷ്ട്ര ബാലവേല വിരുദ്ധദിനമായ ജൂൺ 12-ന് സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ചൈൽഡ് ലേബർ

റീഹാബിലിറ്റേഷൻ കം വെൽഫയർ കമ്മിറ്റിയുടെയും ജില്ലാ ലേബർ ഓഫീസിന്റെയും ചൈൽഡ് ലൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികളെ സംഘടിപ്പിച്ചുള്ള സെമിനാർ, ശിൽപ്പശാലകൾ, ബോധവൽക്കരണ ക്ലാസ്സ് എന്നിവ നടത്തിവരുന്നു. അതത് ജില്ലകളിലെ കളക്ടറെ ചെയർമാനാക്കിയും ജില്ലാ ലേബർ ഓഫീസർ (ഇ) നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യപ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ സംയുക്ത പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റിന്റെ ഇടപെടലുകളും വഴി പ്രസ്തുത നിയമം ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ബാലവേല നിർമ്മാർജ്ജനത്തിനും ബാല തൊഴിലാളി പുനരധിവാസത്തിനും സമഗ്ര സംവിധാനം ഒരുക്കണമെന്നും സംസ്ഥാനത്തെ ബാലവേലവിമുക്തമായി പ്രഖ്യാപിച്ച് രാജ്യത്തിനാകെ മാതൃക സൃഷ്ടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(108) തോട്ടം മേഖലയിൽ നിരവധി എസ്റ്റേറ്റുകൾ പ്രവർത്തന രഹിതമായിക്കിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അവയുടെ പ്രവർത്തനം പുനരാരംഭി യ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി അതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എസ്റ്റേറ്റുകളിലെ ജീവനക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(109) അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 1948-ലെ മിനിമം വേതന നിയമം, 1936-ലെ പേയ്മെന്റ് ഓഫ് വേജസ് നിയമം എന്നിവയിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത നിയമങ്ങളുടെ അടിസ്ഥാനത്തിൽ മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(110) കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ നൽകണമെന്നും ആവശ്യമായ വിശ്രമസ്ഥലം നൽകണമെന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ലാട്രിൻ/യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപകടം പിടിച്ച മേഖലയിൽ ഉള്ള തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ നൽകണമെന്നും പ്രഥമ ശുശ്രൂഷ സംവിധാനം ഒരുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാടിസ്ഥാന ത്തിലുള്ള ജില്ലാ ലേബർ ഓഫീസർമാരും വിവിധ തൊഴിൽ നിയമപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. നിയമ

ലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം എന്നീ നിയമനടപടികൾ സ്വീകരിക്കുന്നു. വിശ്രമ വേളകൾ അനുവദിക്കാതിരിക്കുന്നതും അധിക ജോലിക്ക് അധിക വേതനം നൽകാതിരിക്കുന്നതും സംബന്ധിച്ചുള്ള ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുന്നു.

(111) വസ്ത്രവ്യാപാര സ്ഥാപനങ്ങളിൽ സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് ഇരിപ്പിടം നിഷേധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കണമെന്നും തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിനും നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(112) വകുപ്പിന്റെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ല എന്നും ആവശ്യത്തിനുള്ള ജീവനക്കാരുടെ അപര്യാപ്തത വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന്, വിവിധ തസ്തികകളിൽ ജീവനക്കാരുടെ എണ്ണത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാക്കണമെന്നും കൂടാതെ സംജാതമാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ തുടർ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(113) വകുപ്പിൽ പൊതുവേയും വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ ഓഡിറ്റിംഗിനായി പ്രത്യേക സംവിധാനം നിലവിലില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിനു കീഴിൽ പ്രസ്തുത സംവിധാനം നിലവിലില്ലാത്ത സ്ഥാപനങ്ങളിൽ ഇന്റേണൽ ഓഡിറ്റിംഗിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കണമെന്നും വർഷത്തിൽ ഒരിക്കൽ ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(114) തൊഴിൽ വകുപ്പിൽ ജീവനക്കാരുടെ കുറവുണ്ടെന്നും എൻഫോഴ്സ്മെന്റ് വാഹനങ്ങളുടെ എണ്ണം പരിമിതമാണെന്നും സമിതി മനസ്സിലാക്കുന്നു. തൊഴിൽ തർക്കങ്ങളും നിയമലംഘനങ്ങളും വർദ്ധിക്കുന്ന കാലഘട്ടത്തിൽ അവ കൈകാര്യം ചെയ്യുന്നതിന് വകുപ്പിന് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാകുന്ന രീതിയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരി

ക്കുകയും ചെയ്യണമെന്നും തൊഴിൽ വകുപ്പിന്റെ വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാനുതകുന്ന തരത്തിൽ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(115) വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷം മുതൽ 2016-17 സാമ്പത്തിക വർഷം വരെ വിവിധ ശീർഷകങ്ങളിൽ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചതായി കാണുന്നില്ല. ആയതിനാൽ ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളാകേണ്ടവരെ കൃത്യമായി കണ്ടെത്തുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കി, ബഡ്ജറ്റിൽ അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ഫലപ്രദമായും വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണമെന്നും അനുവദിക്കപ്പെടുന്ന തുക തിരിച്ചടക്കേണ്ടി വരുന്ന സന്ദർഭങ്ങൾ ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(116) "അദ്ധ്വാനം തന്നെയാണ് ആരാധന (Work is Worship)"- തൊഴിലിന്റെ മഹനീയത വെളിപ്പെടുത്തുന്ന മഹദ്വചനമാണ്. തൊഴിലിടങ്ങൾ തൊഴിലാളി സൗഹൃദവും വിവേചനരഹിതവും ആകുന്നതിലൂടെ തൊഴിലാളി-തൊഴിലുടമ ബന്ധം ഊഷ്മളമായി നിലനിർത്തുന്നതിനും അതിലൂടെ വ്യക്തിയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെതന്നെ പുരോഗതിക്കും പര്യാപ്തമായ രീതിയിൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 27.

## അനുബന്ധം - I

### 2012-13 സാമ്പത്തിക വർഷം മുതൽ 2016-17 സാമ്പത്തിക വർഷം വരെ വിവിധ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ

| വകുപ്പിന്റെ പേര് | ഇനം | 2012-13 | | 2013-14 | | 2014-15 | | 2015-16 | | 2016-17 | |
|---|---|---|---|---|---|---|---|---|---|---|---|
| | | ബഡ്ജറ്റിൽ അനുവദിച്ച തുക | വിനിയോഗിച്ച തുക | ബഡ്ജറ്റിൽ അനുവദിച്ച തുക | വിനിയോഗിച്ച തുക | ബഡ്ജറ്റിൽ അനുവദിച്ച തുക | വിനിയോഗിച്ച തുക | ബഡ്ജറ്റിൽ അനുവദിച്ച തുക | വിനിയോഗിച്ച തുക | ബഡ്ജറ്റിൽ അനുവദിച്ച തുക | വിനിയോഗിച്ച തുക |
| ലേബർ കമ്മീഷണറേറ്റ് | പ്ലാൻ | 3,660,900,000 | 3,252,828,924 | 3,054,000,000 | 29,444,971,216 | 3,731,000,000 | 2,900,522,708 | 3,898,500,000 | 3,801,818,008 | 3,826,300,000 | 3,555,148,807 |
| | നോൺ പ്ലാൻ | 3,202,419,000 | 3,589,597,000 | 3,279,128,000 | 3,157,226,000 | 5,175,877,000 | 1,416,926,000 | 5,218,867,000 | 5,635,713,000 | 5,268,933,000 | 2,875,574,000 |
| | ആകെ | 6,863,319,000 | 6,842,425,924 | 6,333,128,000 | 6,102,197,216 | 8,906,877,000 | 4,317,448,708 | 9,117,367,000 | 9,437,531,008 | 9,095,233,000 | 6,430,722,807 |
| ഫാക്ടറീസ് & ബോയിലേഴ്സ് | പ്ലാൻ | 11,000,000 | 9,882,238 | 50,000,000 | 48,224,841 | 50,000,000 | 20,460,825 | 58,000,000 | 38,912,798 | 50,000,000 | 11,046,075 |
| | നോൺ പ്ലാൻ | 75,915,000 | 15,111,362 | 85,132,000 | 84,622,238 | 97,784,000 | 100,000,000 | 121,257,000 | 107,234,510 | 132,023,000 | 128,161,160 |
| | ആകെ | 86,915,000 | 24,993,600 | 135,132,000 | 132,847,079 | 147,784,000 | 120,460,825 | 179,257,000 | 146,147,306 | 182,023,000 | 139,207,235 |
| ട്രെയിനിംഗ് വകുപ്പ് | പ്ലാൻ | 628,275,000 | 608,842,389 | 886,102,000 | 534,120,967 | 934,418,000 | 699,615,413 | 1,249,700,000 | 808,318,544 | 1,248,678,000 | 860,587,625 |
| | നോൺ പ്ലാൻ | 880,831,000 | 841,604,253 | 1,050,483,329 | 974,307,801 | 1,287,434,000 | 995,116,271 | 1,393,039,000 | 1,270,803,180 | 1,488,262,000 | 1,479,002,624 |
| | ആകെ | 1,509,106,000 | 1,450,446,642 | 1,936,585,329 | 1,508,428,768 | 2,221,852,000 | 1,694,731,684 | 2,642,739,000 | 2,079,121,724 | 2,736,940,000 | 2,339,570,249 |
| എംപ്ലോയ്മെന്റ് വകുപ്പ് | പ്ലാൻ | 127,000,000 | 127,000,000 | 185,500,000 | 183,000,000 | 215,300,000 | 212,600,000 | 225,300,000 | 220,200,000 | 250,000,000 | 252,300,000 |
| | നോൺ പ്ലാൻ | 868,612,000 | 689,143,000 | 918,325,000 | 553,423,000 | 883,001,000 | 771,489,000 | 901,795,000 | 793,189,000 | 951,262,000 | 865,564,000 |
| | ആകെ | 995,612,000 | 816,143,000 | 1,103,825,000 | 736,423,000 | 1,098,301,000 | 984,089,000 | 1,127,095,000 | 1,013,389,000 | 1,201,262,000 | 1,117,864,000 |
| ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് | പ്ലാൻ | 5,000,000 | 4,663,522 | 10,000,000 | 10,000,000 | 14,000,000 | 12,234,209 | 13,000,000 | 5,200,068 | 23,509,000 | 17,950,726 |
| | നോൺ പ്ലാൻ | 1,206,333,000 | 980,792,682 | 1,321,695,000 | 1,134,490,742 | 1,527,946,000 | 1,227,607,368 | 1,843,609,000 | 1,819,242,348 | 2,674,334,000 | 2,587,023,907 |
| | ആകെ | 1,211,333,000 | 985,456,204 | 1,331,695,000 | 1,144,490,742 | 1,541,946,000 | 1,239,841,577 | 1,856,609,000 | 1,824,442,416 | 2,697,843,000 | 2,604,974,633 |
| കിലെ | പ്ലാൻ | 10,000,000 | 10,000,000 | 15,000,000 | 15,000,000 | 17,500,000 | 10,108,000 | 28,000,000 | 8,207,000 | 28,000,000 | 11,481,000 |
| | നോൺ പ്ലാൻ | 1,500,000 | 1,500,000 | 1,650,000 | 1,650,000 | 1,815,000 | 1,815,000 | 1,996,000 | 1,996,000 | 3,527,000 | 3,393,000 |
| | ആകെ | 11,500,000 | 11,500,000 | 16,650,000 | 16,650,000 | 19,315,000 | 11,923,000 | 29,996,000 | 10,203,000 | 31,527,000 | 14,874,000 |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്